കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## മണ്ണാർക്കാട് നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

## (1-11-2015 മുതൽ 31-3-2016 വരെ)

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**പാലക്കാട്**

*e-mail: auditlfdopkd@gmail.com*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-22-107/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 07-2-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

മണ്ണാർക്കാട് നഗരസഭ

സർ,

വിഷയം : മണ്ണാർക്കാട് നഗരസഭ - 2015-16 **(1-11-2015 മുതൽ 31-3-2016 വരെ)** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ **(1-11-2015 മുതൽ 31-3-2016 വരെ)** ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രസഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4) ഓഫീസ് പകർപ്പ്

നം.കെ.എസ്.എ-പികെഡി-22-107/2017
തിയ്യതി: 07-2-2017

## പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***(1994 ലെ കേരളാ നഗരപാലികാ നിയമം വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)***

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 1-11-2015 മുതൽ 2-1-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6-1-2017മുതൽ 13-1-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.സി.ഹരിഗോബിന്ദ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.വി.ടി.ഉഷാകുമാരി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എ.നസീറാബാനു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.കൃഷ്ണദാസ്.എൻ.വി | ഓഡിറ്റർ |

**<u>(ബി) നിർവ്വഹണാധികാരികൾ</u>**

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 11-11-2015 വരെ |
| | ശ്രീമതി.സുബൈദ.എം.കെ | 12-11-2015 മുതൽ 31-3-2016 വരെ |
| സെക്രട്ടറി | ശ്രീ.സി.മണി | 1-11-2015 മുതൽ 31-3-2016 വരെ |

**<u>നിർവ്വഹണ ഉദ്യോഗസ്ഥര്</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.മിനി ജോർജ്ജ് | 1-11-2015 മുതൽ 31-3-2016 വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീ.സെയ്ത് അബൂബക്കർ സിദ്ദിഖ് | 1-11-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ | ശ്രീ.അബ്ദുൾ ഗഫൂർ.സി | 1-11-2015 മുതൽ 31-3-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഐഷക്കുട്ടി.കെ | 1-11-2015 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ഗ്രേഷ്യസ് രാജ് | 1-11-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.പ്രീതി.വി.ആർ | 1-11-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ- | ഡോ.ജോഷ്ന.ടി.പി.എം | 1-11-2015 മുതൽ 31-3- |

| | | |
|---|---|---|
| ആയുർവേദം | | 2016 വരെ |
| എച്ച്.എം | ശ്രീ.മുഹമ്മദാലി | 1-11-2015 മുതൽ 31-3-2016 വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.സി.സുഭാഷ് | 1-11-2015 മുതൽ 31-3-2016 വരെ |

**ഉള്ളടക്കം**

**ഭാഗം 1**

**ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം**

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രിക | 1(11) |

**ഭാഗം-II**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കെട്ടിട നികുതി നിർണ്ണയം - അവലോകനം | 2(1) |
| 2 | വിനോദ നികുതി ചോർച്ച - ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ റവന്യൂ നഷ്ടം - തുടർനടപടികൾ ആവശ്യപ്പെടുന്നു | 2(2) |
| 3 | പരസ്യ നികുതി പിരിവ് - അവലോകനം | 2(3) |
| 4 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 2(4) |
| 5 | പെട്രോൾ പമ്പ് ഉടമകളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ വാങ്ങാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു | 2(5) |

**ഭാഗം-III**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തനത്ഫണ്ടിന്റെ സ്ഥിതി വിലയിരുത്താതെ | 3(1) |

| | | |
|---|---|---|
| | പദ്ധതിച്ചെലവുകൾക്കായി 1.73 കോടി രൂപ ചെലവഴിച്ചു | |
| 2 | നഗരസഭയുടെ ചുമതലയിൽപ്പെടാത്ത കാര്യത്തിന് തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല | 3(2) |
| 3 | തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് -സംയുക്ത പരിശോധന നടത്തി ക്രമീകരിക്കണം | 3(3) |
| 4 | പൊതു ടാപ്പുകളുടെ വെള്ളക്കരം തനത് ഫണ്ടിന് ബാധ്യതയാകുന്നു | 3(4) |
| 5 | തെരുവു വിളക്കുകളുടെ അറ്റകുറ്റപണി-ടെണ്ടർ നടപടികളിൽ അപാകത | 3(5) |
| 6 | ആവശ്യകത വിലയിരുത്താതെ ജനറേറ്റർ വാങ്ങിയത് പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം | 3(6) |
| 7 | കുടുമ്പശ്രീ അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്ന വികസന ഫണ്ട് തിരിച്ചടക്കേണ്ടതാണ് | 3(7) |
| 8 | കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയുടെ ഉപയോഗത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 3(8) |
| 9 | നഗരസഭയിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം | 3(9) |
| 10 | സാന്ത്വന ചികിത്സാ പദ്ധതി - അവലോകനംആട് വളർത്തൽ പദ്ധതി - സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചിട്ടില്ല | 3(10) |
| 11 | ആട് വളർത്തൽ പദ്ധതി - സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചിട്ടില്ല | 3(11) |
| 12 | സ്ഥലം വാങ്ങൽ - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3(12) |
| 13 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകിയപ്പോൾ നിയമാനുസൃത പിഴ ഈടാക്കിയില്ല | 3(13) |
| 14 | ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല | 3(14) |
| 15 | മെയ്ന്റനൻസ് ഫണ്ട് വിനിയോഗത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 3(15) |
| 16 | ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കിയില്ല | 3(16) |
| 17 | എസി.ടി കോളനി കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തീകരിച്ച് പാർട്ട് ബിൽ ക്രമീകരിക്കേണ്ടതാണ് | 3(17) |
| 18 | പഞ്ചായത്ത് ഓഫീസ് ബാത്ത് റൂമുകളുടെ നവീകരണം - വ്യക്തമായ വിലയിരുത്തൽ നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തിയുടെ നിർവ്വഹണം നടത്തി | 3(18) |
| 19 | ഷോപ്പിംഗ് കോംപ്ലക്സ് സമുച്ചയ നിർമ്മാണം പാതിവഴിയിൽ - പാർട്ട് ബിൽ തുക നാളിതുവരെ ക്രമീകരിച്ചില്ല | 3(19) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 26-3-2015 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 151401100 രൂപയും ചെലവ് 147377000 രൂപയുമാണ്.

1-11-2015 മുതൽ നഗരസഭയാക്കിയെങ്കിലും ഗ്രാമപപഞ്ചായത്ത് ആയിരുന്ന കാലത്ത് പാസാക്കിയ ബജറ്റിലെ തുകയാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 9-9-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2015-16 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | 2015-16 (1-11-2015 മുതൽ 31-3-2016 വരെ) |
|---|---|
| മുന്നിരിപ്പ് | 12840048 |
| വരവ് | 38190334 |
| ആകെ | 51030382 |
| ചെലവ് | 46208858 |
| നീക്കിയിരിപ്പ് | 4821524 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7005801 | 7548058 | 14553859 | 7548058 | 7005801 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 2740189 | 2740189 | 2740189 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 4416787 | 4416787 | 4416787 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 887389 | 887389 | 887389 | 0 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5088895 | 5088895 | 5088895 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | - | 0 |
| ബി ഫണ്ട് (നേരിട്ട് ചെല വഴിച്ചത് | 0 | 11943205 | 11943205 | 11943205 | - | 0 |

| ഉൾപ്പെടെ) | | | | | | | |
|---|---|---|---|---|---|---|---|

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് % |
|---|---|---|---|---|---|---|---|
| 2015-16 | 284 | 107516424 | 186 | 52903970 | - | 98 | 49 |

2015-16 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 65% പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 71% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 1241500 | 265220 | 21 |
| വെറ്ററിനറി സർജ്ജൻ | 5 | 2 | 2614400 | 56000 | 2 |
| വി.ഇ.ഒ/പട്ടികജാതി വികസന ഓഫീസർ | 14 | 8 | 14950000 | 1958192 | 13 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 3 | 3899500 | 2773879 | 71 |
| സെക്രട്ടറി | 21 | 10 | 6024310 | 2928184 | 49 |
| മുനിസിപ്പൽ എഞ്ചിനിയർ | 203 | 136 | 59690989 | 35899187 | 60 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 4 | 1281500 | 713648 | 56 |
| മെഡിക്കൽ ഓഫീസർ-ISM | 3 | 2 | 1000000 | 849000 | 85 |
| അസി.സെക്രട്ടറി/ പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 15 | 9 | 14186625 | 5050000 | 36 |
| എച്ച്.എം | 7 | 6 | 2627600 | 2410660 | 92 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | | ആകെ | വ്യത്യാസം | % |
|---|---|---|---|---|---|---|
| | | (1.4.2015 മുതൽ 31.10. 2015 വരെ) | (1.11. 2015 മുതൽ 31.3. 2016 വരെ) | | | |
| നികുതി വരവുകൾ | 12496788 | 2299751 | 6264845 | 8564596 | -3932192 | -31.47% |
| നികുതിയേതര വരവുകൾ | 2627688 | 1266433 | 1330102 | 2596535 | -31153 | -1.19% |
| ആകെ | 15124476 | 3566184 | 7594947 | 11161131 | -3963345 | -26.2% |

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസം ഉണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 8 | 8 | 1 | കാലതാമസം ഉണ്ടായിട്ടില്ല |
| 2 | തൊഴിൽ രഹിത വേതനം | 33 | 33 | 13 | |
| 3 | വിധവാ പെൻഷൻ | 111 | 111 | 8 | |
| 4 | വികലാംഗ പെൻഷൻ | 25 | 25 | 4 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 3 | 0 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 357 | 357 | 72 | |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3-1-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 49633 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

നഗരസഭ രൂപീകൃതമായതിന ശേഷം മറ്റ് ഓഡിറ്റുകളൊന്നും നടന്നിട്ടില്ല.

# 1-11 അനുബന്ധങ്ങൾ

അനുബന്ധം 1 – ഓഡിറ്റ് സാക്ഷ്യപത്രം

# 1-12 ജീവനക്കാരുടെ അപര്യാപ്തത നഗരസഭയുടെ കാര്യക്ഷമതയെ ബാധിക്കുന്നു- അടിയന്തിര നടപടി ആവശ്യപ്പെടുന്നു

1962 ൽ നിലവിൽ വന്ന മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് 1990 ൽ നഗരസഭയായി പ്രഖ്യാപിക്കപ്പെട്ട് 1993 വരെ നഗരസഭയായി പ്രവർത്തിച്ചിരുന്ന. 1993 മുതൽ ഗ്രാമപഞ്ചായത്തായി പ്രവർത്തിച്ചുവന്നിരുന്ന സ്ഥാപനം 2015 നവംബർ 1 വീണ്ടും നഗരസഭയായി മാറ്റപ്പെട്ടു. മണ്ണാർക്കാട് ഗ്രാമപഞ്ചായത്തും തെങ്കര ഗ്രാമപഞ്ചായത്തിന്റെ രണ്ട് വാർഡുകളും കൂട്ടി ചേർത്താണ് നഗരസഭ രൂപീകരിച്ചിട്ടുള്ളത്. മണ്ണാർക്കാട് 1, 2 എന്നീ വില്ലേജുകളാണ് നഗരസഭയിൽ ഉൾപ്പെടുന്നത്. 33 ച.കിലോമീറ്റർ വിസ്തൃതിയുള്ള നഗരസഭയിൽ 29 വാർഡുകളാണ് ഉള്ളത്. മുൻ കാലങ്ങളിൽ കൃഷിയെക്കൂടി ആശ്രയിച്ചിരുന്ന മണ്ണാർക്കാടിന്റെ സമ്പദ് വ്യവസ്ഥ ഇപ്പോൾ തികച്ചും വാണിജ്യാധിഷ്ഠിതമാണ്. സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമിടുന്ന നഗരസഭ ഉത്തരവാദിത്തങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. നഗരസഭ എന്ന നിലയിൽ വർദ്ധിച്ചുവരുന്ന ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ ജീവനക്കാരുടെ അപര്യാപ്തതയാണ് നിലവിൽ സ്ഥാപനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഇത് സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ മുതൽ എല്ലാ മേഖലകളെയും സാരമായി ബാധിക്കുന്നുണ്ട്.

<u>അനുവദിക്കപ്പെട്ട തസ്തികകളുടെ വിവരം</u>

നഗരസഭാ രൂപീകരണത്തോടനുബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെ 23 ഓഫീസ് ജീവനക്കാർ, ഒരു ഡ്രൈവർ, 15 കണ്ടിൻജന്റ് ജീവനക്കാർ, 8 സാനിറ്റേഷൻ വർക്കർമാർ എന്നിവരുൾപ്പെടെ 47 തസ്തികകളാണ് സ.ഉ(എം.എസ്)നം.109/2016/ത.സ്വ.ഭ.വ തിയതി 15.8.2016 പ്രകാരം അനുവദിച്ച് കിട്ടിയത്. ഇതിൽ സീനിയർ ക്ലർക്ക് (1), ഹെൽത്ത് ഇൻസ്പെക്ടർ (1) എന്നീ തസ്തികകളിലേക്ക് മാത്രമാണ് നിയമനം നടത്തിയിട്ടുള്ളത്. പഞ്ചായത്ത് ജീവനക്കാരായിരുന്ന 7 ഓഫീസ് ജീവനക്കാർ, 1 ഡ്രൈവർ, 3 സ്വീപ്പർമാർ എന്നിവർ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലിചെയ്താണ് നിലവിൽ നഗരസഭയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നത്.

<u>വാർഷിക കണക്കുകൾ സമർപ്പിച്ചത് അഭിനന്ദനാർഹം</u>

ജീവനക്കാരുടെ അപര്യാപ്തത ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെയും നഗരസഭയുടെയും വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കാനായത് അഭിനന്ദനാർഹമാണ്.

ജീവനക്കാരുടെ കുറവ് മൂലം തനത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ട തുകകൾ യഥാസമയം പിരിച്ചെടുക്കാനാകാത്തതും ആയതിന്മേൽ കൃത്യമായ മേൽനോട്ടം നടത്താനാകാത്തതും നഗരസഭയുടെ തനത് ഫണ്ട് സ്ഥിതിയെ സാരമായി ബാധിക്കുന്നുണ്ട്.

നഗരസഭ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾ ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാര നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്. നഗരസഭയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുതകുന്ന വിധത്തിൽ ആവശ്യമായ ക്രമീകരണങ്ങളും മേൽനോട്ടവും ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

# 2-1 വസ്തു നികുതി നിർണ്ണയം - അവലോകനം

31-10-2015 വരെ ഗ്രാമപഞ്ചായത്ത് ആയിരുന്ന മണ്ണാർക്കാടിനെ 1-11-2015 മുതൽ നഗരസഭയായി ഉയർത്തുകയും വാർഡുകളുടെ എണ്ണം 17ൽ നിന്ന് 29 ആയി ഉയരുകയും ചെയ്തു. നിലവിൽ 15510 കെട്ടിടങ്ങളുടെ ഡാറ്റയാണ് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തെങ്കര ഗ്രാമപഞ്ചായത്തിലെ 2 വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരം നാളിതുവരെ നഗരസഭയുടെ കണക്കിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടില്ല. നിലവിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ വിവരം

| ഇനം | എണ്ണം |
|---|---|
| ഗാർഹികം | 8623 |
| വാണിജ്യം | 6397 |
| മറ്റുള്ള വാണിജ്യ ആവശ്യത്തിനുള്ളവ | 44 |
| ഔദ്യോഗികം | 78 |
| വിദ്യാഭ്യാസം | 68 |
| ആശുപത്രി | 35 |
| വ്യവസായം | 18 |
| മറ്റ് വ്യവസായം | 14 |
| നികുതിയിൽ നിന്നും ഒഴിവാക്കിയവ | 225 |
| ഓഡിറ്റോറിയം/ കല്യാണമണ്ഡപം, ...... | 8 |
| ആകെ | 15510 |

2. വസ്തുനികുതി പുനർനിർണ്ണയിച്ചതിന്റെ വിവരം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 4.06.2013 ലെ (എം.എസ്)നമ്പർ 210/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് എന്നിവ അനുസരിച്ച് വസ്തുനികുതി പുനർ നിർണ്ണയം നടത്തിയിട്ടുണ്ട്. സ.ഉ.(അ)നമ്പർ 20/2011/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിൽ 14.01.2011 മുതൽ നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങൾക്ക് പ്രസ്തുത തീയ്യതി മുതലും 14.01.2011 ന മുമ്പ് നിർമ്മിച്ചവയും നിലവിൽ പഞ്ചായത്ത്, വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതുമായ കെട്ടിടങ്ങൾക്ക് 01.04.2013 മുതൽ പ്രാബല്യത്തിലും പുതിയ നിരക്കിലുള്ള നികുതി നിരക്കുകൾ ഈടാക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ട്.

ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ [പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ, വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്നവ തുടങ്ങിയ രീതിയിൽ] തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിക്കാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രദേശങ്ങളെ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിക്കുകയും ഓരോ മേഖലകളിലും നിഷ്കർഷിച്ച നിരക്കിൽ, തറവിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തുകയും വേണമെന്ന് നിബന്ധനയുണ്ട്. ചട്ടങ്ങളനുസരിച്ച് മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിരക്ക് 7-12-2011 ലെ തീരുമാനം നം.3 പ്രകാരം പുനർനിർണ്ണയിച്ചിട്ടുണ്ട്.

3. വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരം

വസ്തുനികുതി പരിഷ്കരണത്തിലൂടെ നികുതി വരുമാനം വർദ്ധിച്ചുവെങ്കിലും സ.ഉ(എം.എസ്)നം. 144/15/ത.സ്വ.ഭ.വ തിയതി 27-4-2015 പ്രകാരം 660 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള 225 കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയതിനാൽ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

4. നഗരസഭ ആയതിനുശേഷം പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കാത്തതുമൂലം റവന്യൂ നഷ്ടം

1-11-2015 ന് മണ്ണാർക്കാട് നഗരസഭ രൂപീകരിക്കപ്പെട്ടു. മണ്ണാർക്കാട് ഗ്രാമപഞ്ചായത്തും തെങ്കര ഗ്രാമപഞ്ചായത്തിന്റെ 2 വാർഡുകളും കൂട്ടി ചേർത്താണ് നഗരസഭ രൂപീകൃതമായത്. സ.ഉ(സാധാ) നം. 3655/2015/എൽ.എസ്.ജി.ഡി തിയതി 5-12-2015 പ്രകാരം പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടിക്രമം വിശദീകരിച്ചിട്ടുണ്ട്. പഞ്ചായത്ത്, മുനിസിപ്പൽ നികുതി നിരക്കുകൾ വ്യത്യസ്തമായതിനാൽ പഴയ കെട്ടിടങ്ങൾക്ക് 2015-16 വർഷം നിലവിലുണ്ടായിരുന്ന നികുതി നിരക്ക് 31-3-2016 വരെ ഈടാക്കാവുന്നതാണെന്നും 1-11-2015 മുതൽ പുതുതായി അസസ്മെന്റ് നടത്തുമ്പോൾ മുനിസിപ്പൽ വസ്തു നികുതി 2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പ്രകാരം നിശ്ചയിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന എല്ലാ കെട്ടിടങ്ങളുടേയും ഡാറ്റ നഗരസഭയുടെ സഞ്ചയ സോഫ്റ്റ്വെയറിലേക്ക് മാറ്റിയിട്ടുണ്ട്. തെങ്കര പഞ്ചായത്തിന്റെ 2 വാർഡുകൾ നഗരസഭയോട് കൂട്ടി ചേർത്തിട്ടുണ്ടെങ്കിലും ഈ വാർഡുകളിലെ കെട്ടിടങ്ങളുടെ കണക്ക് സഞ്ചയ സോഫ്റ്റ്വെയറിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ കെട്ടിടങ്ങളുടെ കൃത്യമായ കണക്ക് ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്.

13-7-2016 ലെ തീരുമാനം നം. 1(1) പ്രകാരം കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്വെയറിൽ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുന്നില്ലെന്ന് നഗരസഭാ അധികൃതർ അറിയിച്ചു. സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിൽ ഐ.കെ.എം ശ്രദ്ധിച്ചിട്ടില്ല. നഗരസഭയുടെ ചുമതലയുള്ള സീബൾബിന്റെ സേവനവും പരിമിതമായി മാത്രമാണ് ലഭിക്കുന്നത്. ആയതിനാൽ 1-4-2016 ന് ശേഷവും പഴയ കെട്ടിടങ്ങളുടെ നികുതി പഞ്ചായത്ത് നിരക്കിൽ തന്നെയാണ് ഈടാക്കി വരുന്നത്. ആയതിനാൽ ഈ ഇനത്തിൽ ഭീമമായ റവന്യൂ ചോർച്ച നഗരസഭയ്ക്ക് ഉണ്ടായികൊണ്ടിരിക്കുന്നു.

ബി. നഗരസഭയുടെ സഞ്ചയ സോഫ്റ്റ് വെയറിലേക്ക് മാറ്റിയ പഴയ കെട്ടിടങ്ങളുടെ നികുതി 1-4-2016 ന് ശേഷം 2011 ലെ കേരള മുനിസിപ്പാലിറ്റി(വസ്തു

നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പ്രകാരം പുതുക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

5. മൊബൈൽടവറുകളുടെ വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽടവറുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസിയുടെ പേര്, വിലാസം |
|---|---|---|
| 1 | 3/726 | ഏ.കെ.നാരായണൻ, എസ്.ആർ ടവർ, മണ്ണാർക്കാട് |
| 2 | 8/722 | ഹംസ, തൊട്ടിപറമ്പിൽ, ആശുപത്രിപടി, മണ്ണാർക്കാട് |
| 3 | 8/1162 | എം.കെ.നാരായണൻ, എസ്.ആർ ടവർ, മണ്ണാർക്കാട് |
| 4 | 13/1272 | വി.കെ.സുദേവൻ, ജെ&കൊ ചേമ്പേഴ്സ്, മണിമല റോഡ് |
| 5 | 13/1273 | ബിജു ടി നായർ, മാനേജിംഗ് ഡയറക്ടർ, വോഡഫോൺ, എസ്.ആർ സെല്ലുലാർ |
| 6 | 13/1274 | അഭിലാഷ്.എസ്, ഐഡിയ മൊബൈൽ കമ്യൂണിക്കേഷൻസ് |
| 7 | 14/593 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്, കുണ്ടന്നൂർ, എറണാകുളം |
| 8 | 16/323 | ടവർ (വിശദാംശങ്ങൾ ലഭ്യമല്ല) |

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. ഓഡിറ്റ് അന്വേഷണം നം. 3/5-1-2017 നുള്ള മറുപടിയിൽ 8 മൊബൈൽ ടവറുകൾ നഗരസഭാ പരിധിയിൽ ഉള്ളതായി സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ബി.എസ്.എൻ.എല്ലിന്റെ ടവറുകളുടെ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. ടവറുകളുടെ ബിൽഡിംഗ് പെർമിറ്റ് നമ്പർ, സ്ഥാപിച്ച വർഷം, ഈടാക്കിയ പെർമിറ്റ് ഫീ, കുടിശ്ശികയുള്ള കെട്ടിടനികുതി തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നഗരസഭ നിശ്ചയിച്ചിട്ടുണ്ട്. ഇതു പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് ചതുരശ്രമീറ്ററിന് 500 രൂപ കെട്ടിട നികുതിയായി നിശ്ചയിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ നഗരസഭ സ്വീകരിച്ചിട്ടില്ല.

സ.ഉ(എം.എസ്)നം.150/14/ ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 25000 രൂപയാണ്.
നഗരസഭയുടെ ഭാഗത്തുനിന്ന് കാര്യക്ഷമമായ ഇടപെടലുകൾ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

6. സഞ്ചയ സോഫ്റ്റ്‌വെയറിന്റെ പരിമിതി

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ നികുതിനിർണ്ണയത്തിന്റെ കൃത്യത പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പഞ്ചായത്ത് കാലയളവിൽ കെട്ടിടങ്ങളുടെ ഡാറ്റ എൻട്രി നടത്തിയപ്പോൾ ഉണ്ടായിട്ടുള്ള അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

2. പഴയ കെട്ടിടങ്ങളുടെ നികുതി കണക്കാക്കുന്നത് പഞ്ചായത്ത് നികുതി നിരക്കിന്റെ അടിസ്ഥാനത്തിലാണ്. ആയത് ക്രമീകരിക്കുവാൻ നാളിതുവരെ സാധിച്ചിട്ടില്ല.

3. സഞ്ചയ സോഫ്റ്റ്‌വെയറിൽ നടത്തിയിട്ടുള്ള ഡാറ്റാ എൻട്രിയിലെ അപാകതകൾ ഐ.കെ.എം മുഖേന മാത്രമേ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ എന്നത് നിലവിലുള്ള സോഫ്റ്റ്‌വെയറുകളുടെ പോരായ്മയാണെന്ന് വിലയിരുത്തുന്നു.

7. ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

2015-16 വർഷത്തെ വസ്തു/കെട്ടിട നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ സഞ്ചയയിലെ കണക്കും ഡിമാന്റ് രജിസ്റ്ററിലെ കണക്കും പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

8. കുടിശ്ശികയുടെ കണക്ക്

വാർഷിക കണക്കനുസരിച്ച് 31-3-2016 ലെ കെട്ടിട നികുതി കുടിശ്ശിക 5329711 രൂപയാണ്. കെട്ടിടങ്ങളുടെ എണ്ണത്തിലും നികുതി നിർണ്ണയത്തിലും അപാകതകൾ ഉള്ളതിനാൽ യഥാർത്ഥ കുടിശ്ശിക എത്രയെന്ന് കണക്കാക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. നഗരസഭയുടെ നിരക്കിലേക്ക് നികുതി ഏകീകരിച്ചാൽ കുടിശ്ശികയുടെ തോത് വർദ്ധിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പഴയ കെട്ടിടങ്ങളുടെ നികുതി നഗരസഭയുടെ നിരക്കിലേക്ക് മാറ്റുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. നഗരസഭയോട് കൂട്ടിചേർത്ത രണ്ട് വാർഡുകളിലെ കെട്ടിടങ്ങളുടെ കണക്ക് സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് അനധികൃത ടവറുകൾ ക്രമവൽക്കരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള കെട്ടിടനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ ഇനത്തിൽ ഉണ്ടാകുന്ന ഭീമമായ നഷ്ടം പരിഹരിക്കുന്നതിനായി ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.

4. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാ എൻട്രിയിലെ കൃത്യത പരിശോധിച്ച് തിരുത്തലുകൾ വരുത്തേണ്ടതാണ്.

5. സഞ്ചയ സോഫ്റ്റ്‌വെയറിന്റെ പരിമിതികളും ഐ.കെ.എം, സീബൾബ് എന്നീ ഏജൻസികളുടെ സേവനം ലഭ്യമാകുന്നതിനുമുള്ള പ്രായോഗിക പ്രശ്നങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി യഥാർത്ഥ കുടിശ്ശിക കണക്കാക്കി ആയത് പിരിച്ചെടുക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-2 വിനോദ നികുതി ചോർച്ച - ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ റവന്യൂ നഷ്ടം - തുടർനടപടികൾ ആവശ്യപ്പെടുന്നു

നഗരസഭയിൽ 2015-16 വർഷത്തിൽ 4 സിനിമാ തിയറ്ററുകൾ നിലവിലുണ്ടായിരുന്നു. ഓരോ തിയറ്ററിൽനിന്നുമുള്ള വിനോദ നികുതിയുടെ കൃത്യത പരിശോധിക്കുന്നതിൽ നഗരസഭ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. 2015-16 വർഷത്തിൽ എല്ലാ തിയറ്ററുകളിൽ നിന്നുമായി ലഭ്യമായ വിനോദ നികുതി 611288 രൂപ മാത്രമാണ്. തിയേറ്ററുകൾ ഹാജരാക്കുന്ന ഡി.സി.ആറിൽ വില്പന നടത്തിയ ടിക്കറ്റുകളുടെ എണ്ണത്തിൽ വളരെ കുറവുള്ളതായി പ്രാഥമികമായ പരിശോധനയിൽ തന്നെ ബോധ്യപ്പെട്ടു. ടിക്കറ്റ് സീൽഡ് രജിസ്റ്ററിൽ സീൽ ചെയ്തു കൊടുത്തിട്ടുള്ള ടിക്കറ്റുകളുടെ എണ്ണവും തിയറ്ററുകളിലെ സീറ്റുകളുടേയും ദിവസേനയുള്ള ഷോകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് ബോധ്യപ്പെട്ടു. തിയറ്ററുകളിൽ പരിശോധന നടത്തി ഡി.സി.ആർ പ്രകാരമുള്ള കണക്കുകൾ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഓഡിറ്റ് വർഷത്തിൽ നഗരസഭയിൽ ഉണ്ടായിരുന്നില്ല. ഡെയ്‌ലി കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിലെ കൃത്യത പരിശോധിക്കുവാനോ, തിയറ്റർ ഉടമകൾ ഒടുക്കുന്ന വിനോദ നികുതിയുടെ കൃത്യത പരിശോധിവാനോ, നഗരസഭയുടെ സീലില്ലാതെ ടിക്കറ്റുകളുടെ വിതരണം നടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാനോ നഗരസഭ ശ്രദ്ധിച്ചിട്ടില്ല. ആയതിനാൽ വിനോദ നികുതിയിനത്തിൽ നഗരസഭക്ക് റവന്യൂ നഷ്ടം ഉണ്ടാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

ടിക്കറ്റ് സീൽഡ് രജിസ്റ്റർ, ഡിമാൻറ് രജിസ്റ്റർ തുടങ്ങിയ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റേയും, തിയറ്ററുകളുടെ സീറ്റിന്റേയും, ശരാശരി വിനോദ നികുതിയുടെ അടിസ്ഥാനത്തിലും ഓരോ തിയറ്ററിൽ നിന്നും (ദിവസേന 4 ഷോകൾ) ഒരു വർഷത്തിൽ പ്രതീക്ഷിക്കാവുന്ന പരമാവധി വിനോദ നികുതിയുടെ വിശദാംശം താഴെ പട്ടികപ്പെടുത്തുന്നു.

| തിയറ്ററിന്റെ പേര് | സീറ്റുകളുടെ എണ്ണം | | | ഒരു ദിവസത്തെ പരമാവധി ടിക്കറ്റുകൾ | ശരാശരി വിനോദ നികുതി നിരക്ക് | ഒരു ദിവസത്തെ പ്രതീക്ഷിത വിനോദ നികുതി | ഒരു വർഷത്തെ പ്രതീക്ഷിത വിനോദ നികുതി |
|---|---|---|---|---|---|---|---|
| | ക്ലാസ്സ് I | ബാൽകണി | ആകെ | | | | |
| ഓക്കാസ് | 605 | 240 | 845 | 3380 | 8.5 | 28730 | 10486450 |
| ആരാധന | 460 | - | 460 | 1840 | 8.18 | 15051 | 5493615 |
| പ്രതിഭ | 230 | - | 230 | 920 | 7.83 | 7204 | 2629460 |
| ന്യൂ പ്രതിഭ | 173 | 27 | 200 | 800 | 7.83 | 6264 | 2286360 |
| **ആകെ** | | | 1735 | | | | 20895885 |

മേൽപറഞ്ഞ പ്രകാരം ഒരു വർഷത്തെ പരമാവധി വിനോദ നികുതി ഡിമാൻറ് 20895885/- രൂപയായി നിശ്ചയിക്കാമെന്നിരിക്കെ 2015-16 വർഷത്തെ പ്രതീക്ഷിത വരുമാനമായി കേവലം 650000/- രൂപ മാത്രമാണ് ബജറ്റിൽ പ്രതീക്ഷിത വരുമാനമായി ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്ക് പ്രകാരം വിനോദനികുതി ഇനത്തിലെ വരവ് 611288/- രൂപ മാത്രമാണ്. പ്രതീക്ഷിക്കാവുന്ന വിനോദ നികുതിയുടെ 3% മാത്രമാണ യഥാർത്ഥ വരവ്.

2015-16 വർഷത്തിൽ തിയറ്ററുകൾക്ക് സീൽ ചെയ്തു കൊടുത്തിട്ടുള്ള ടിക്കറ്റുകളുടെ എണ്ണം താഴെ ചേർക്കുന്നു.

| തിയറ്ററിന്റെ പേര് | 2015-16 | | |
|---|---|---|---|
| | സീറ്റുകളുടെ പരമാവധി | സീൽ ചെയ്തു | സീൽ ചെയ്ത ടിക്കറ്റുകളുടെ % |

| | എണ്ണം | കൊട്ട ത്തത് | |
|---|---|---|---|
| ഓക്കാസ് | 1233700 | 31200 | 3 |
| ആരാധന | 671600 | 23950 | 4 |
| പ്രതിഭ | 335800 | 28000 | 8 |
| ന്യൂ പ്രതിഭ | 292000 | 33600 | 12 |
| ആകെ | 2533100 | 116750 | 5 |

ആകെ സീറ്റുകളുടെ 5% മാത്രം ടിക്കറ്റുകളാണ് സീൽ ചെയ്തു കൊടുത്തിട്ടുള്ളത്.

പല തിയറ്ററുകളിലും പല ഷോകൾക്കും ആളുകൾ വളരെ കുറവാണെന്നും ചില പടങ്ങൾക്ക് മാത്രമാണ് ആളുകൾ കൂടുതലായി വരുന്നതെന്നും അധികൃതർ ഓഡിറ്റിനെ അറിയിച്ചു. 4 ഷോകൾക്കും കൂടി പല ദിവസങ്ങളിലും ശരാശരി 12 ടിക്കറ്റുകൾ മാത്രമാണ് വില്പന നടത്തിയതായി കാണിച്ച് ഡി.സി.ആർ സമർപ്പിച്ചിട്ടുള്ളതെന്ന് കണ്ടെത്തി. സിനിമകളുടെ ആദ്യ ദിവസങ്ങളിലെ എണ്ണം പോലും വളരെ കുറവായാണ് കാണിച്ചിട്ടുള്ളത്. ഡി.സി.ആർ സമർപ്പിക്കുമ്പോൾ ആയതിന്റെ കൃത്യത നഗരസഭാധികൃതർ ഉറപ്പുവരുത്തുന്നില്ല.

പ്രേക്ഷകർ കുറവാണെന്ന തിയറ്ററുകളുടെ വാദം ശരിവെക്കുകയാണെങ്കിൽ തന്നെ കുറഞ്ഞത് താഴെ പറയും പ്രകാരം വിനോദനികുതിയിനത്തിൽ വരവുണ്ടാകേണ്ടതായിരുന്നു എന്ന് വിലയിരുത്തുന്നു.

| ഒരു വർത്തിൽ | വിനോദ നികുതി |
|---|---|
| ആകെ പ്രതീക്ഷിത വിനോദ നികുതി | 20895885 |
| ശരാശരി 50 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 10447943 |
| ശരാശരി 25 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 5223971 |
| ശരാശരി 10 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 2089589 |

2015-16 വർഷത്തിൽ ഏറ്റവും കുറഞ്ഞത് 2089589 രൂപയെങ്കിലും പഞ്ചായത്ത് ഫണ്ടിൽ വരവുണ്ടാകേണ്ടതായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

മലയാളസിനിമാ ചരിത്രത്തിൽ ആദ്യമായി 100 കോടിയലധികം കളക്ഷൻ ലഭിച്ച ആദ്യ സിനിമയായ പുലിമുരുകൻ എന്ന സിനിമ പ്രദർശിപ്പിക്കുന്ന തിയറ്ററിലെ ഡി.സി.ആറിൽ 10 ശതമാനത്തിൽ കുറവ് ടിക്കറ്റുകളുടെ വില്പന മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് കണ്ടെത്തി. ഈ തിയറ്ററിൽ 845 സീറ്റുകളാണുള്ളത്. 4 ഷോകളിലായി 30 ദിവസങ്ങളിൽ 101400 ആളുകൾ ഈ തിയറ്ററിൽ സിനിമ കണ്ടിട്ടുണ്ടെന്ന് വിലയിരുത്തുന്നു. ഈ തിയറ്ററിന്റെ 2016-17 വർഷത്തെ ടിക്കറ്റ് സീൽഡ് രജിസ്റ്റർ പ്രകാരം 1-4-2016 മുതൽ 3-1-2017 വരെ ആകെ 30000 ടിക്കറ്റുകൾ മാത്രമാണ് സീൽ ചെയ്തു കൊടുത്തിട്ടുള്ളത്. സീൽ ചെയ്തു കൊടുത്തതിലും കൂടുതൽ ടിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് ഇതിൽ നിന്നും അനുമാനിക്കാവുന്നതാണ്.

<u>സെസ്സിനത്തിൽ പിരിച്ചെടുത്ത തുകയുടെ ഒടുക്ക്</u>

സർക്കുലർ നം. 9902/ആർ.ഡി3-2013/ത.സ്വ.ഭ.വ തിയതി 14-5-2013പ്രകാരം വിനോദനികുതിയോടൊപ്പം 25 രൂപയിൽ കുറയാത്ത ടിക്കറ്റിന്മേൽ 3 രൂപ നിരക്കിൽ സെസ്സ് മുൻകൂറായി കേരള സംസ്ഥാന സാസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് സ.ഉ(സാധാ) നം. 120/2016/ത.സ്വ.ഭ.വ തിയതി 12-1-2016 പ്രകാരം സെസ്സ് സമാഹരണം താത്കാലികമായി നിർത്തിവെക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 14-5-2013 മുതൽ 12-1-2016 വരെയുള്ള കാലയളവിൽ തിയറ്ററുകളിൽ നിന്നും ഗ്രാമപഞ്ചായത്തിൽ/ നഗരസഭയിൽ സെസ്സ് തുക ഒടുക്കുകയോ ക്ഷേമനിധി ബോർഡിലേക്ക് നൽകുകയോ ചെയ്തിട്ടില്ല.

<u>ഓഡിറ്റ് ഇംപാക്ട്</u>

സ.ഉ(ആർ.ടി) നം. 1236/2016/ത.സ്വ.ഭ.വ തിയതി 11-3-2016 പ്രകാരം സെസ്സ് തുടരുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് തിയറ്റർ ഉടമകൾ സെസ്സിനത്തിൽ ഒടുക്കിയ 185400 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ചെക്ക് നം. 126995/10-1-2017 രൂപ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. തിയറ്ററുകളുടെ നടത്തിപ്പിൽ The Kerala Cinemas (Regulation) Act 1958, The Kerala Cinemas (Regulation) Rules 1988, The Kerala Local Authorities Entertainment's Tax Act 1961 എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അധികാരികൾ ഉറപ്പാക്കുന്നതോടൊപ്പം തിയറ്ററുകളുടെ സുഗമമായ നടത്തിപ്പിനുള്ള നിയമപരമായ എല്ലാ സഹകരണങ്ങളും തിയറ്റർ ഉടമകൾക്ക് നൽകി തിയറ്ററുകൾ നിലനിർത്തുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

2. വിനോദ നികുതി വെട്ടിപ്പ് തടയുന്നതിനായി സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 45979/എഫ്.എം.3/2009/ത.സ്വ.ഭ.വ തിയതി 16-12-2009 ൽ നിർദ്ദേശിച്ച പരിഹാര മാർഗ്ഗങ്ങൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

3. നഗരസഭയിൽ വിനോദനികുതിയുടെ രേഖകൾ കൈകാര്യം ചെയ്യുന്ന സെക്ഷൻ, സീൽ ചെയ്തുകൊടുക്കുന്ന ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായി ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

4. തിയറ്ററുകളിലെ പരിശോധന കർശനമാക്കി നികുതി ചോർച്ച നടക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥർക്ക് പരിശോധനാ ചുമതല നൽകേണ്ടതും ഉദ്യോഗസ്ഥർ ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

5. നഗരസഭയ്ക്ക് സമർപ്പിക്കുന്ന ഡി.സി.ആറിലെ കൃത്യത അതാത് സമയം ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ബജറ്റ്, വാർഷിക കണക്ക് എന്നിവ തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യാഥാർത്ഥ്യ ബോധത്തോടെ കണക്കാക്കേണ്ടതും യഥാർത്ഥ വരവുമായി പൊരുത്തപ്പെടുത്തി സാരമായ കുറവ് ബോധ്യപ്പെട്ടാൽ അന്വേഷണം നടത്തി പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കേണ്ടതുമാണ്.

7. തിയറ്റർ ഉടമകളുടെ യോഗം വിളിച്ച് ചേർത്ത് അവർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതോടൊപ്പം കൃത്യമായ കണക്കുകൾ നല്കുവാൻ ശ്രദ്ധിക്കേണ്ടതിന്റേയും വിനോദനികുതി കൃത്യമായി ഒടുക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തേണ്ടതുമാണ്.

8. ഓഡിറ്റ് വർഷത്തിലുണ്ടായതും നിലവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ വിനോദനികുതി ചോർച്ച അന്വേഷണവിധേയമാക്കി ബോധപൂർവ്വമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

9. 14-5-2013 മുതൽ 12-1-2016 വരെയുള്ള കാലയളവിൽ തിയറ്ററുകളിൽ നിന്നും ഗ്രാമപഞ്ചായത്തിൽ/ നഗരസഭയിൽ സെസ്സ് തുക ഒടുക്കുകയോ ക്ഷേമനിധി ബോർഡിലേക്ക് നൽകുകയോ ചെയ്തിട്ടില്ല. ആയത് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. സെസ്സ് ഈടാക്കി ഒടുക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് നഗരസഭ ഉറപ്പാക്കേണ്ടതാണ്.

ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ആവശ്യപ്പെടുന്നു.

# 2-3 പരസ്യ നികുതി പിരിവ് - അവലോകനം

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 207, 271, 272, 273, 274, 275, 276 എന്നീ വകുപ്പുകളിലും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 209, 209എ, 209 സി, 209 ഡി, 209 ഇ 256 എന്നീ വകുപ്പുകളിലും പരസ്യനികുതി പിരിക്കുന്നതിനുള്ള വ്യവസ്ഥകൾ വിശദീകരിച്ചിട്ടുണ്ട്. മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് 1-11-2015 മുതൽ നഗരസഭയാക്കിയിട്ടുണ്ട്. നഗരസഭയുടെ പരസ്യ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തുന്നതിനായി നടത്തിയ അവലോകനത്തിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. ഡാറ്റാ ബാങ്ക് തയ്യാറാക്കിയില്ല

സർക്കാറിന്റെ അംഗീകാരത്തോട് കൂടി പരസ്യ നികുതി നിരക്ക് നിശ്ചയിക്കുവാൻ ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതും, പരസ്യ നികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേലത്തിൽ കൊടുക്കുന്നതിനുള്ള ബൈലോ തയ്യാറാക്കേണ്ടതുമാണ്. ഓരോ വർഷവും നഗരസഭാ പ്രദേശത്ത് സ്ഥാപിക്കുന്ന ബോർഡുകളുടെ നമ്പർ, വലിപ്പം, സ്ഥാപിച്ച സ്ഥലങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും മണ്ണാർക്കാട് നഗരസഭയിൽ അത്തരത്തിലുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ബി. ബൈലോ പുതുക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല

നഗരസഭ രൂപീകരണത്തിനു മുമ്പ് (31-10-2015 വരെ) പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള ഒരു ബൈലോ നിലവിലുണ്ടായിരുന്നു. പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച ബൈലോ നമ്പർ സി5-9517/13/കെഡിസ് തിയതി 8-5-2013 അനുസരിച്ച് കുത്തക പാട്ടം മുഖേന പരിസ്യനികുതി പിരിക്കുന്ന രീതിയാണ് അവലംബിച്ചിരുന്നത്. 1-11-2015 ന് നഗരസഭ രൂപീകരിച്ചതിനു ശേഷം മുനിസിപ്പാലിറ്റി നിയമ വ്യവസ്ഥകൾക്കനുസരിച്ച് പുതുക്കിയ ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല. പരസ്യനികുതി പരിഷ്ക്കരിച്ച് കാലികമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല.

സി. പരസ്യനികുതി പിരിവ് വിശകലനം

| വർഷം | പരസ്യ നികുതി ഡിമാന്റ് | പരസ്യ നികുതി പിരിവ് | പരസ്യ നികുതി ബാലൻസ് | പിരിവിന്റെ പുരോഗതി |
|---|---|---|---|---|
| 2013-14 | 17500 | 17500 | - | ഓരോ വർഷവും വരവ് കൂടുന്നുണ്ടെങ്കിലും തുക തുച്ഛമാണ്. |
| 2014-15 | 17750 | 10000 | 7750 | |
| 2015-16 | 26000 | 26000 | - | |

മേൽ വർഷങ്ങളിൽ പരസ്യ നികുതി കുത്തകപാട്ടം മുഖേന പിരിക്കുന്ന രീതിയാണ് സ്വീകരിച്ചിരുന്നത്. ഓരോ വർഷവും പരസ്യനികുതി ഡിമാന്റിൽ വർദ്ധനവുണ്ടെങ്കിലും 2014-15 ൽ പരസ്യ നികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം 7750 രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുവാനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

ഡി. അനധികൃത പരസ്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല

നഗരസഭയുടെ അനുമതി വാങ്ങാതെയാണ് വിവിധ സ്ഥലങ്ങളിൽ പരസ്യങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നതെങ്കിലും ആയത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സൂചകം | നടപടിയുടെ വിവരം |
|---|---|
| സർക്കുലർ നം. .75667/RC2/2013/LSGD തിയതി 02.01.2014 പ്രകാരം പരസ്യങ്ങൾ പ്രദർശിപ്പിക്കാൻ അനുമതി നൽകുമ്പോൾ വൃക്ഷങ്ങൾക്ക് നാശം ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ? നിലവിൽ വൃക്ഷങ്ങൾക്ക് ദോഷകരമായ രീതിയിൽ പ്രദർശിപ്പിച്ചിരുന്ന പരസ്യങ്ങൾ നീക്കം ചെയ്തിട്ടുണ്ടോ? | സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി കടന്ന | അത്തരത്തിലുള്ള അനുമതി |

| | |
|---|---|
| പോകുന്ന പബ്ലിക്ക് സർവ്വീസ് വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന പരസ്യങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ? നികുതി ഈടാക്കിയിട്ടുണ്ടോ? | നൽകുകയോ നികുതി ഈടാക്കുകകയോചെയ്തിട്ടില്ല. |
| പരസ്യ നികുതി ഈടാക്കുന്നതിനായി വൻതോതിൽ തുക ചെലവുണ്ടായിട്ടുണ്ടോ? | ഇക്കാര്യത്തിനായി തുകയൊന്നും ചെലവഴിക്കുന്നില്ല. |
| സർക്കാർ ഉത്തരവ് (കൈ)നം.194/2014/ത.സ്വ.ഭ.വ തീയതി 06.11.2014 പ്രകാരം കെ.എസ്.ഇ.ബി പോസ്റ്റുകളിൽ പരസ്യ പ്രദർശനത്തിനും പരിപാലനത്തിനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നടത്തുന്ന പരസ്യ പ്രദർശനങ്ങളിൽ നിന്നും തദ്ദേശ സ്ഥാപനങ്ങൾക്ക് മതിയായ വരുമാനം ലഭ്യമായിട്ടുണ്ടോ? | അത്തരത്തിൽ നടപടി സ്വീകരിച്ചതിന് രേഖകളില്ല. |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നിയമം അനുശാസിക്കുന്ന പ്രകാരം പരസ്യ ബോർഡുകളുടെ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി അടിസ്ഥാന തുക നിശ്ചയിച്ചതിനു ശേഷം മാത്രം പരസ്യ നികുതി പിരിവിനുള്ള ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. നഗരസഭാ പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുമ്പോൾ നിയമത്തിലേയും, സർക്കാർ ഉത്തരവുകളിലേയും, സർക്കുലറുകളിലേയും നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് നഗരസഭാ അധികൃതർ ഉറപ്പാക്കേണ്ടതാണ്.
3. നഗരസഭയുടെ തനത്ഫണ്ട് നീക്കിയിരിപ്പ് നിലവിൽ വളരെയധികം മോശമായ അവസ്ഥയിലാണുള്ളത്. ആയതിനാൽ പരസ്യനികുതിയിനത്തിലുള്ള വരവ് വർദ്ധിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2015-16 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേണുകളും, ഡിമാന്റ് രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കോ- ഓപ്പറേറ്റീവ് അർബൻ ക്രെഡിറ്റ് സൊസൈറ്റി |
| 2 | മുത്തൂറ്റ് ഫിൻ കോർപ്പ്, ഹോസ്പിറ്റൽ ജംക്ഷൻ, മണ്ണാർക്കാട് |
| 3 | മണ്ണാർക്കാട് ബ്ലോക്ക് വനിതാ സഹകരണ സംഘം |
| 4 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, മണ്ണാർക്കാട് |
| 5 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് ലിമിറ്റഡ് |
| 6 | യൂകോ ബാങ്ക്, മണ്ണാർക്കാട് |
| 7 | അഹല്യ മണി എക്സ്ചേഞ്ച്, മണ്ണാർക്കാട് |
| 8 | സിൻഡിക്കേറ്റ് ബാങ്ക്, മണ്ണാർക്കാട് |
| 9 | എെ.സി.എെ.സി.എെ ബാങ്ക്, മണ്ണാർക്കാട് |

മേൽ സ്ഥാപനങ്ങളിലെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 4/9-1-2017 ന് ലഭ്യമായ മറുപടി കൂടി പരിഗണിച്ചാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

## 2-5 പെട്രോൾ പമ്പ് ഉടമകളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ വാങ്ങാതെ ഡി&ഓ ലൈസൻസ് അനുവദിച്ചു

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 5 പെട്രോൾ പമ്പുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കാതെയാണ് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നം. | സ്ഥാപനം/ ഉടമസ്ഥൻ | രശീതി നം./ തീയതി | റിമാർക്സ് |
|---|---|---|---|
| 1 | എം വിനോദ്<br>എസ്.എൻ ഫ്യൂവൽസ് | 11506104079/ 16-06-15<br>ഫീസ് - 500 | പ്രതിദിന വിറ്റുവരവ് 500 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| 2 | റോസി ജേക്കബ് | 11406103596/ | |

| | | | |
|---|---|---|---|
| | മണ്ണാർക്കാട് ഫില്ലിങ്ങ് സ്റ്റേഷൻ | 25-02-2015<br>ഫീസ് - 2050 | |
| 3 | അഹമ്മദ് സാജിത്ത്<br>കല്ലടി ഹൗസ്<br>മണ്ണാർക്കാട് | 11506102256/ 13.05.15<br>ഫീസ് - 1000 | |

സ്ഥാപനങ്ങളിൽ നിന്നും കൈവശാവകാശ രേഖ, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.
മേൽ പട്ടികയിലെ ക്രമ നം. 1 ന്റെ അപേക്ഷയിൽ ഒരു ദിവസത്തെ ശരാശരി വിറ്റു വരവ് രേഖപ്പെടുത്തിയിട്ടുള്ളത് 500 രൂപയാണ്. സ്ഥാപനത്തിന്റെ ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ കൃത്യത പരിശോധിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

എല്ലാ പമ്പുകളുടേയും വിറ്റുവരവിന്റെ കൃത്യത പരിശോധിച്ച് ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മറ്റു വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രം പെട്രോൾ പമ്പുകൾക്ക് ഡി&ഓ ലൈസൻസ് അനുവദിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തനത്ഫണ്ടിന്റെ സ്ഥിതി വിലയിരുത്താതെ പദ്ധതിച്ചെലവുകൾക്കായി 1.73 കോടി രൂപ ചെലവഴിച്ചു

2015-16 വർഷത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖേന 1.73 കോടി രൂപ തനത് ഫണ്ടിൽ നിന്നും പദ്ധതിപ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | ചെലവ് |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 1 | 36500 | 1 | 22593 |
| 2 | സെക്രട്ടറി | 18 | 5130340 | 8 | 2322042 |
| 3 | ഹെഡ് മാസ്റ്റർ | 4 | 300000 | 3 | 183060 |
| 4 | അസി. എഞ്ചിനിയർ | 115 | 29533450 | 75 | 14731639 |
| 5 | പട്ടികജാതി വികസന ഓഫീസർ | 1 | 100000 | - | - |
| 6 | വി.ഇ.ഒ | 1 | 71125 | - | - |
| 7 | ICDS സൂപ്പർവൈസർ | 1 | 28800 | 1 | 28800 |
| ആകെ | | 141 | 35200215 | 88 | 17288134 |

സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെയാണ് തനത്ഫണ്ടിൽ നിന്നും പദ്ധതിപ്രവർത്തനങ്ങൾക്കായുള്ള തുക വകയിരുത്തി 1.73 കോടി രൂപ ചെലവഴിച്ചിട്ടുള്ളത്. 1-11-2015 മുതൽ നഗരസഭയായി മാറിയ മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഈ നടപടി സാരമായി ബാധിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ദൈനംദിന ചെലവുകൾക്കും, അനിവാര്യ ചുമതലകളുടെ നിർവ്വഹണത്തിനും മറ്റുമായി ധാരാളം തുക ഓരോ മാസവും ആവശ്യമായ സാഹചര്യത്തിൽ ആയത് കണക്കിലെടുക്കാതെയാണ് തനത്ഫണ്ട്, പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്.
നിലവിലെ സാമ്പത്തിക നിലയും താഴെ ചേർക്കുന്നു.

| | ബാങ്ക് | ട്രഷറി | ആകെ |
|---|---|---|---|
| 12-1-2017 ലെ സാമ്പത്തിക നില | 810081 | 4236414 | 5046495 |

നഗരസഭയുടെ പ്രവർത്തന സംവിധാനം പൂർണ്ണസജ്ജമായാൽ പ്രതിമാസച്ചെലവ് നിലവിലുള്ളതിനേക്കാളും വളരെയധികം കൂടുമെന്നതിനാൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവ് നിയന്ത്രിക്കേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തുന്നു. കുടിശ്ശികയുള്ള നികുതികൾ പിരിച്ചെടുക്കുവാനും പുതിയ വരുമാന സ്രോതസ്സുകൾ

കണ്ടെത്തുവാനും സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-2 നഗരസഭയുടെ ചുമതലയിൽപ്പെടാത്ത കാര്യത്തിന് തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല

കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുന്തിപ്പുഴ പമ്പ് ഹൗസിന്റെ സമീപം അടിഞ്ഞു കൂടിയ ചെളിയും മണ്ണും നീക്കം ചെയ്തതിന് മുനിസിപ്പൽ ഫണ്ടിൽ നിന്ന് 25200 രൂപ ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നം. 21500776/29.1.16)

27 മണിക്കൂർ ജെ.സി.ബി ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്ത പ്രവൃത്തിക്ക് ബിസ്മി എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിന്റെ ഉടമ ശ്രീ.എൻ. ഉമ്മർ, നെച്ചിത്തൊടി, മുക്കണ്ണം, മണ്ണാർക്കാട് എന്ന വ്യക്തി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്.

കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതും കേരള വാട്ടർ അതോറിറ്റി നേരിട്ട് പരിപാലിച്ച് വെള്ളക്കരം പിരിക്കുന്നതുമായ കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപണികളുടെ ചുമതല നഗരസഭയിൽ നിക്ഷിപ്തപ്പെടുത്തിയിട്ടില്ല. നഗരസഭയുടേതല്ലാത്ത ആസ്തിയുടെ പരിപാലനത്തിന് ചെലവഴിച്ച 25200 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 5/10-1-2017 ന് ലഭ്യമാക്കിയ മറുപടിയിൽ അടിയന്തിര സാഹചര്യം കണക്കിലെടുത്തും വാട്ടർ അതോറിറ്റിയുടെ ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കുവാനുമാണ് തുക ചെലവഴിച്ചതെന്ന് അറിയിച്ചിട്ടുണ്ട്.

തനത്ഫണ്ട് സാമ്പത്തിക സ്ഥിതി പരിഗണിക്കാതെയാണ് തുക ചെലവഴിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ചെലവഴിച്ച തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 3-3 തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജ് -സംയുക്ത പരിശോധന നടത്തി ക്രമീകരിക്കണം

നഗരസഭയിൽ തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുന്നതിനു വേണ്ടി 2015-16 സാമ്പത്തിക വർഷത്തിൽ 4/15 മുതൽ 7/15വരെ- 270237 രൂപ നിരക്കിലും 8/15 മുതൽ 3/16 വരെ 281397രൂപ നിരക്കിലും വൈദ്യുതി ചാർജ്ജ് ഒടുക്കിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം ഇനം വിളക്കുകൾ എത്രയെണ്ണം യഥാർത്ഥത്തിൽ പ്രകാശിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുവാൻ വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. നടപടിക്രമങ്ങൾ പാലിച്ച് സംയുക്ത പരിശോധന നടത്തി തയ്യാറാക്കുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ക്രമീകരിക്കേണ്ടതാണ്. ഒടുക്കേണ്ട യഥാർത്ഥ തുക നിശ്ചയിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് നഗരസഭയുടെ തനത് ഫണ്ടിനുണ്ടാകുന്ന അധിക ചെലവ് കുറയ്ക്കുന്നതിനുള്ള നടപടി ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

തെരുവു വിളക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പ്രകാരം നിലവിലുള്ള വിളക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൈദ്യുതവിളക്കിന്റെ തരം | വാട്ടേജ് | എണ്ണം |
|---|---|---|---|
| 1 | ഓഡിനറി ബൾബ് | 40 | 53 |
| 2 | ട്യൂബ് ലൈറ്റ് സെറ്റ് | 2*40 | 1518 |
| 3 | സോഡിയം വേപ്പർ ലാമ്പ് | 250 | 213 |
| 4 | സി.എഫ്.എൽ | 11 | 250 |

പ്രൊജക്ട് നം 2/16 "തെരുവു വിളക്കുകൾക്ക് അറ്റകുറ്റപ്പണി" എന്ന പദ്ധതിയിൽ 949819 രൂപ തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണിക്കായി ചെലവഴിച്ചതിൽ ഓഡിനറി ബൾബുകളൊന്നും വാങ്ങി സ്ഥാപിച്ചിട്ടില്ല. കഴിഞ്ഞ 3 വർഷത്തിലും മാറ്റി സ്ഥാപിച്ച ബൾബുകളിൽ ഓഡിനറി ബൾബുകൾ ഇല്ല. നിലവിലില്ലാത്ത 40 വാട്ടിന്റെ 53 ഓർഡിനറി ലാമ്പുകൾക്ക് 61 രൂപ നിരക്കിൽ വൈദ്യുതി ബോർഡിന് ചാർജ്ജ് ഒടുക്കുന്ന നടപടി അംഗീകരിക്കാവുന്നതല്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കുന്ന വിളക്കുകളുടെ വിവരം തിട്ടപ്പെടുത്തേണ്ടതാണ്.
2. വൈദ്യുത വിളക്കുകളുടെ ഇനംതിരിച്ചുള്ള കൃത്യമായ കണക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ വരുന്ന മാറ്റത്തിനനുസരിച്ച് രജിസ്റ്റർ പുതുക്കേണ്ടതുമാണ്.
3. ഊർജ്ജ ഉപഭോഗം കുറവുള്ള LED/ CFL വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
4. ജി.ഒ.(എം.എസ്.)34/2003/പി.ഡി./2-12-2003 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതിയുണ്ട്. മുഴുവൻ സ്ട്രീറ്റ് ലൈറ്റുകളേയും മീറ്ററിംഗ് സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരേണ്ടതുമാണ്.
5. എ.എം.സി കാലയളവിനുള്ളിൽ ബൾബുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ അവ കൃത്യമായി മാറ്റി വാങ്ങുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.
6. തെരുവു വിളക്കുകളുടെ പരിപാലനത്തിനായികാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-4 പൊതു ടാപ്പുകളുടെ വെള്ളക്കരം തനത് ഫണ്ടിന് ബാധ്യതയാകുന്നു

കേരള ജല അതോറിറ്റിയുടെ കണക്കനുസരിച്ച് 175 പൊതുടാപ്പുകൾ നഗരസഭയിൽ നിലവിലുണ്ട്. നഗരസഭ നിലവിൽ വരുന്നതിനുമുമ്പ് 31-10-2015 വരെ 76563 രൂപയാണ് പ്രതിമാസ വെള്ളക്കരമായി ഒടുക്കിയിരുന്നത്. 1-11-2015 മുതൽ നഗരസഭ നിലവിൽ വന്നതിനുശേഷം പ്രതിമാസ വെള്ളക്കരം 114975 രൂപയായി വർദ്ധിച്ചിട്ടുണ്ട്.

വെള്ളക്കരം അടവാക്കൽ നഗരസഭയ്ക്ക് ഭാരിച്ച ചെലവ് വരുത്തുന്നതിനാൽ പൊതുടാപ്പുകൾ പരമാവധി ഒഴിവാക്കി ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിച്ച് നഗരസഭയുടെ ബാധ്യത കുറയ്ക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത ഭൗതിക പരിശോധന നടത്തി ഉപയോഗിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ (സ.ഉ.(സാധ)നം.1275/2009/ത.സ്വ.ഭ.വ., തീ. 30.05.09) നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-5 തെരുവു വിളക്കുകളുടെ അറ്റകുറ്റപണി-ടെണ്ടർ നടപടികളിൽ അപാകത

പ്രോ.നം. 2/2016
നിർവ്വഹണം- സെക്രട്ടറി
തെരുവ് വിളക്കുകളുടെ റിപ്പയറിനായി 2015-16 വർഷത്തിൽ തനത്ഫണ്ടിൽ നിന്ന് 1000000 രൂപ വകയിരുത്തി പ്രൊജക്ട് രൂപീകരിച്ച് അംഗീകാരം ലഭിക്കുകയും 949819 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുള്ളതായി കാണുന്നു.

ടെൻഡർ നടപടിക്രമങ്ങളിൽ സുതാര്യത പാലിച്ചിട്ടില്ല. ടെൻഡർ പരസ്യത്തിൽ പ്രവൃത്തിയുടെ വിശദാംശങ്ങൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല.

രണ്ട് ടെൻഡറുകൾ ലഭ്യമായതിൽ നിന്ന് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ഫിർദോസ് അഹമ്മദ് എന്ന കരാറുകാരനെയാണ് പ്രവൃത്തി ഏല്പിച്ചിട്ടുള്ളത്. ടെൻഡർ രേഖകളിൽ ഓരോ ഇനം തെരുവ് വിളക്കിന്റേയും റിപ്പയർ നിരക്ക്, മാറ്റി സ്ഥാപിക്കുന്നവയുടെ തുക എന്നീ വിവരങ്ങൾ രേഖപ്പെടുത്താതെ 1000000 രൂപ എന്ന അടങ്കൽ നിശ്ചയിച്ച് ടെൻഡർ സമർപ്പിച്ചത് അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

ടെൻഡർ ലഭിക്കാതിരുന്ന ശ്രീ.സുധാകരൻ, മണ്ണാർക്കാട് എന്ന കരാറുകാരനും 1000000 രൂപ ടെൻഡറിൽ രേഖപ്പെടുത്തിയത് സാക്ഷ്യപ്പെടുത്തലില്ലാതെ തിരുത്തി 1200000 എന്നാക്കിയിട്ടുണ്ട്.

തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും മാറ്റി സ്ഥാപിക്കുമ്പോൾ പഴയ സാധനങ്ങൾ തിരികെ വാങ്ങി സ്റ്റോക്കിലെടുത്ത് സൂക്ഷിച്ചിട്ടില്ല.

ആവശ്യകത വിലയിരുത്താതെ, ലഭ്യമായ തുക ചെലവഴിക്കാവുന്ന വിധത്തിൽ പദ്ധതി രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന പ്രവണത പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെ ലംഘനമാണ്.
തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഭാവിയിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായി സ.ഉ(ആർ.ടി)നം. 2487/ത.സ്വ.ഭ.വ തിയതി 20.8.2016 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
റിപ്പയർ രജിസ്റ്റർ സൂക്ഷിച്ച് റിപ്പയർ ചെയ്ത സാമഗ്രികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും മാറ്റിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കേണ്ടതുമാണ്.

# 3-6 ആവശ്യകത വിലയിരുത്താതെ ജനറേറ്റർ വാങ്ങിയത് പ്രൊക്യുർമെന്റ് മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനം

പ്രൊ. നം 197/16-ഓഫീസ് നവീകരണം - ജനറേറ്റർ വാങ്ങൽ

അടങ്കൽ - 300000 (കെ.എൽ.ജി.എസ്.ഡി.പി)

ചെലവ് - 298650

ബിൽ നം. 18/15-16 തിയതി 28-10-2015

2015-16 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 300000 രൂപ അടങ്കലോടെ അംഗീകാരം ലഭിച്ച ഈ പദ്ധതിക്കുവേണ്ടി 298650 രൂപ ചെലവഴിച്ച് ഒരു ജനറേറ്റർ വാങ്ങിയെങ്കിലും നാളിതുവരെ ഉപയോഗപ്രദമാക്കിയിട്ടില്ലെന്ന് കണ്ടെത്തി. ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങളുള്ളതായി കണ്ടെത്തി.

1. ടെൻഡർ നടപടിക്രമങ്ങളിൽ സുതാര്യത പാലിച്ചിട്ടില്ല. വാങ്ങുവാൻ ഉദ്ദേശിക്കുന്ന ജനറേറ്ററിന്റെ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്താതെയാണ് ഔദ്യോഗിക വെബ് സൈറ്റിൽ ടെൻഡർ വിവരം ചേർത്തിരിക്കുന്നത്. രണ്ട് ടെൻഡറുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിൽ ഉപകരണത്തിന്റെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. ടെൻഡർ ലഭിച്ചതിന്റെയും താരതമ്യ പത്രിക തയ്യാറാക്കി അംഗീകരിച്ചതിന്റെയും രേഖകൾ ഇല്ല.

2. M/s. ഭാരത് എഞ്ചിനീയറിംഗ് കമ്പനി, പാലക്കാട്, M/s. ഓട്ടോമെക്ക്, പാലക്കാട് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ടെൻഡർ ലഭിച്ചതായും അതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഭാരത് എഞ്ചിനീയറിംഗ് കമ്പനിയുടെ ടെൻഡർ അംഗീകരിക്കുന്നതായും പഞ്ചായത്ത് ഭരണ സമിതിയുടെ 19-03-2015 ലെ 3(1) നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 6-4-2015 ന് പ്രൊക്യൂർമെന്റ് കമ്മറ്റി പ്രസ്തുത തീരുമാനം അംഗീകരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. ആവശ്യകത വിലയിരുത്തുക, ടെൻഡർ ക്ഷണിക്കുക, ടെൻഡർ അംഗീകരിക്കുക തുടങ്ങിയ നടപടിക്രമങ്ങളിലൊന്നും പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പങ്കാളിത്തം ഉണ്ടായിട്ടില്ല. ടെണ്ടറുകൾ വിലയിരുത്തേണ്ടതും ഭരണസമിതിക്ക് ശുപാർശ നൽകേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ ഭരണ സമിതി അംഗീകരിക്കുന്നതിനു പകരം ഭരണ സമിതിയുടെ അംഗീകാരത്തിനു ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി വാങ്ങലിന് അംഗീകാരം നൽകിയ നടപടി ക്രമപ്രകാരമല്ല.

3. 7.5 KVA ശേഷിയുള്ള മഹീന്ദ്രാ പവറോൾ എന്ന ജനറേറ്ററാണ് വാങ്ങിയിട്ടുള്ളത്. ആയത് ഇപ്പോഴും ഇൻസ്റ്റാൾ ചെയ്തിട്ടില്ലെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. വയറിംഗ് ഉൾപ്പെടെയുള്ള അടിസ്ഥാന സൌകര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താതെ പർച്ചേസ് നടത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്.

മഹീന്ദ്രാ & മഹീന്ദ്രാ കമ്പനി പ്രസ്തുത ജനറേറ്ററിന് വില്പനാനന്തരം 30 മാസം വരെയാണ് വാറന്റി കാലയളവ് അനുവദിച്ചിട്ടുള്ളത്. 20.10.2015 ന് ടെസ്റ്റ് റൺ നടത്തി ഏറ്റെടുത്തിട്ടുള്ള ഉപകരണം 15 മാസക്കാലയളവ് പിന്നിട്ടിരിക്കുകയാണ്. ജനറേറ്റർ ഉപയോഗപ്രദമാക്കുവാൻ വൈകുന്നതിനാൽ വാറണ്ടിയുടെ ആനുകൂല്യം പൂർണ്ണമായും നഷ്ടപ്പെടുവാനിടയുണ്ട്.

ആവശ്യകത വിലയിരുത്താതെയും മതിയായ ഭൗതികസാഹചര്യങ്ങൾ ഇല്ലാതെയും ജനറേറ്റർ വാങ്ങിയ നടപടി സ.ഉ(പി)നം. 259/2010/ എൽ.എസ്.ജി.ഡി തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 12/10-1-2017 നുള്ള മറുപടിയിൽ ലോകബാങ്ക് സഹായത്താൽ നടപ്പിലാക്കിയ പദ്ധതി മാർച്ച് 31നകം പൂർത്തീകരിക്കേണ്ടിയിരുന്നതിനാലാണ് ജനറേറ്റർ വാങ്ങിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർ ഫോറത്തോടൊപ്പം സ്പെസിഫിക്കേഷൻ നൽകിയിരുന്നതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് ഫയലിൽ സൂക്ഷിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇലക്ട്രിഫിക്കേഷനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്രയും വേഗം ജനറേറ്റർ പ്രവർത്തനക്ഷമമാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.
ജനറേറ്റർ ഉപയോഗപ്രദമാക്കുന്നതുവരെ ചെലവ് തുക 298650 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. അല്ലാത്തപക്ഷം ചെലവ് തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

<u>പ്രൊജക്ടിന്റെ സംക്ഷിപ്തം</u>

| പ്രോജക്ട് | നിർവ്വഹണ ഉദ്യോഗ സ്ഥൻ | അടങ്കൽ | ചെലവ് തുക | ബിൽ നം./ തിയതി | ലംഘനത്തിന്റെ സ്വഭാവം |
|---|---|---|---|---|---|
| 197/16- ഓഫീസ് നവീകരണം - ജനറേറ്റർ വാങ്ങൽ | സെക്രട്ടറി | 300000 | 298650 | 18/15-16 / 28-10-2015 | ആവശ്യകത വിലയിരുത്താതെ ജനറേറ്റർ വാങ്ങി. നാളിതുവരെ പ്രയോജനപ്പെടുത്തിയില്ല. നടപടി പ്രൊക്യൂർമെന്റ് മാർഗ്ഗ നിർദ്ദേശങ്ങളുടെ ലംഘനം. |



ചിത്രം - ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന ജനറേറ്റർ

# 3-7 കുടുംബശ്രീ അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്ന

# വികസന ഫണ്ട് തിരിച്ചടക്കേണ്ടതാണ്

ജില്ലാ പഞ്ചായത്തിൽ നിന്നും, ഗ്രാമ പഞ്ചായത്തിൽ നിന്നും വിവിധ വർഷങ്ങളിൽ സ്ഥലം വാങ്ങൽ, സ്വയം തൊഴിൽ ലഭ്യമാക്കൽ, എന്നീ പദ്ധതികളുടെ നടത്തിനായി കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറിയ 3,19,345/- രൂപ നാളിത് വരെ ചെലവഴിച്ചിട്ടില്ല. 31.3.16 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.ജില്ലാ പഞ്ചായത്ത് വിഹിതം - 1,87,500

2.പഞ്ചായത്ത് ഫണ്ട് - 1,31,845

ആകെ - 3,19,345

അക്കൗണ്ട് നം :202601010013409 – വിജയാ ബാങ്ക്.

ചെലവഴിക്കാതെ അവശേഷിക്കുന്ന വികസന ഫണ്ട് തിരിച്ചടച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 3-8 കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയുടെ ഉപയോഗത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2015-16 വർഷത്തിൽ ഓഫീസ് ഉപയോഗത്തിനായി 3 കമ്പ്യൂട്ടറുകളും ഒരു സെർവറും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രൊ.നം 200/16 – ഓഫീസ് ആവശ്യത്തിന് കമ്പ്യൂട്ടർ, ഫോട്ടോകോപ്പിയർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ - 500000 രൂപ

ചെലവ് - 275950 രൂപ

(വൌച്ചർ നം.176/15.6.15-138960 രൂപ, വൌച്ചർ നം.177/15.6.15-136990 രൂപ)

കെൽട്രോണിൽ നിന്ന് വാങ്ങിയ ഉപകരണങ്ങളുടെ ഭൌതിക പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. മൂന്ന് കമ്പ്യൂട്ടറുകളിൽ ലൈസൻസ് ഉള്ള വിൻഡോസ് 7 ഓപ്പറേറ്റിംഗ് സിസ്റ്റം ഉണ്ട്. എന്നാൽ സെർവറിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള വിൻഡോസ് 2008 സെർവർ ഒ.എസ് -ആർ2 സ്റ്റാന്റർഡിന് ലൈസൻസ് ഇല്ലെന്ന് കണ്ടെത്തി. സർക്കുലർ നം. 86/2010/ഫിൻ തിയതി 24-9-2010 പ്രകാരം ലൈസൻസ് ഇല്ലാത്ത സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2. സ.ഉ(സാധാ)നം.1838/2012/ത.സ്വ.ഭ.വ തിയതി 3-7-2012 പ്രകാരം കമ്പ്യൂട്ടറുകൾക്ക് ഐ.കെ.എം നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഈ നിബന്ധന പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതാണെന്ന് സർക്കുലർ നം. 86/2010/ഫിൻ തിയതി 24-9-2010 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 3-9 നഗരസഭയിലെ അങ്കണവാടികളുടെ പ്രവർത്തനം-അവലോകനം

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 26 |
| 2 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 9 |
| 3 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | ഇല്ല. |
| 4 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | 19 |
| 5 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 11 |
| 6 | ഫാൻ ഇല്ലാത്തവ | 23 |
| 7 | ബേബി ഫ്രണ്ടലി ടോയ്‌ലറ്റ് ഇല്ലാത്തവ | 26 |
| 8 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 26 |
| 9 | ചുറ്റ് മതിൽ ഇല്ലാത്തവ | 6 |
| 10 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 1 |
| 11 | ധാന്യ സംഭരണികൾ ഇല്ലാത്തവ | 26 |
| 12 | രജിസ്റ്ററും, രേഖകളും സൂക്ഷിക്കുവാൻ ആവശ്യമായ മേശയും, കസേരകളും | 20 എണ്ണം വീതം |

ജി.ഒ. (എം.എസ്.) 362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരവും സർക്കുലർ നം. 31055/സി.ഡി.2/2011/ത.സ്വ.ഭ.വ തിയതി 22-3-2011 പ്രകാരവും അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനം സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് സർക്കാർ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.അംഗണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണീച്ചർ മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് പ്രാധാന്യം നൽകണം.

2. വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തീകരിക്കേണ്ടതാണ്.

3. എല്ലാ വർഷവും മെയ് 10-നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങളുൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

4. വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, വൈദ്യുതീകരണം, ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റുമതിലിൽ പെയ്ന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

5. ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അങ്കണവാടികൾക്കായി വാടകക്കെടുക്കുവാൻ പാടുള്ളൂ.

ഈ നിർദ്ദേശങ്ങൾക്ക് വിധേയമായി അങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങൾ വിലയിരുത്തി തയാറാക്കിയ മേൽ പട്ടികയിൽ ചൂണ്ടികാണിച്ചിരിക്കുന്ന പോരായ്മകൾപരിഹരിക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-10 സാന്ത്വന ചികിത്സാ പദ്ധതി - അവലോകനം

പ്രൊജക്റ്റ് – 12/16- സാന്ത്വനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ - 6,00,000

ചെലവ് - 3,23,648

ഗുരുതരമായ രോഗ ബാധിതർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ സംയുക്തമായ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ) നം.3217/2015 ത.സ്വ.ഭ.വ തീയതി 29.10.15 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. രോഗ ബാധിതരുടെ വീടുകൾ സന്ദർശിച്ചു കൊണ്ട് നടപ്പിലാക്കുന്ന ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം.

2015-16 വർഷത്തെ സാന്ത്വന ചികിത്സാ പ്രവർത്തനങ്ങളുടെ രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. പ്രധാന പ്രവർത്തനങ്ങൾ

നിലവിൽ 84 രോഗികളെയാണ് ഹോം കേയർ സംവിധാനത്തിലൂടെ പരിചരിച്ച് വരുന്നത്. രാവിലെ 9.30 മണി മുതൽ വൈകീട്ട് 5 മണി വരെ ശരാശരി 8 രോഗബാധിതരുടെ വീടുകൾ സന്ദർശിച്ചാണ് പരിചരണം നടത്തി വരുന്നത്.

മെമ്പർമാരും, ആശാ വർക്കർമാരും, മെഡിക്കൽ ഓഫീസർമാരും, ഹെൽത്ത് സ്റ്റാഫും, സന്നദ്ധപ്രവർത്തകരും അടങ്ങുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് വിലയിരുത്തൽ നടത്തേണ്ടതാണ്. 2015-16വർഷത്തിൽ 2 തവണ മാത്രമേ പി.എം.സിയുടെ യോഗം ചേർന്നിട്ടുള്ളൂ.
ഭക്ഷണം, ഓണറേറിയം, വാഹന വാടക എന്നിവയ്ക്കാണ് വികസന ഫണ്ട് കൂടുതലായി ചെലവഴിച്ചിട്ടുള്ളത്.
ഏറ്റവും അവശരായ രോഗ ബാധിതർക്ക് ആവശ്യമായ വാട്ടർ ബെഡ്, എയർ ബെഡ്, വാക്കർ, എന്നിവ വാങ്ങി നൽകിയതായും കാണുന്നില്ല.

വാഹന വാടകയ്ക്കായി അധിക നിരക്ക് നൽകി

പാലിയേറ്റീവ് ഹോം കേയർ ആവശ്യങ്ങൾക്കായി നാളിത് വരെ സ്വന്തമായി വാഹനം ലഭ്യമായിട്ടില്ല. വാടകയ്ക്ക് ലഭ്യമാക്കുന്ന വാഹനത്തിലൂടെയാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. വാഹന വാടകയ്ക്ക് സർക്കാർ അനുവദിച്ച പരമാവധി നിരക്ക് താഴെ ചേർക്കുന്നു :

| കിലോമീറ്റർ (up & down) | പരമാവധി തുക |
|---|---|
| 15-24 | 800 |
| 25-34 | 900 |
| 35-44 | 1000 |
| 45 കി.മീറ്ററിൽ കൂടുതൽ | 1100 |

വാഹന നമ്പർ KL50 A 7611 ആണ് സ്ഥിരമായി വാടകയ്ക്ക് എടുത്തിട്ടുള്ളത്. ട്രിപ്പ് ഷീറ്റിൽ കി.മീ രേഖപ്പെടുത്തിയിട്ടില്ല. ഓടിയ കി.മീറ്ററിന്റെ അടിസ്ഥാനത്തിൽ വാടക നൽകുന്നതിന് പകരം ഒരു ട്രിപ്പിന് 1200/- രൂപ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. പുതുക്കിയ മാർഗ്ഗരേഖ പ്രകാരം 29.10.15 മുതൽ അനുവദിക്കാവുന്ന പരമാവധി വാടക 1100/- രൂപയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ടിനുണ്ടായ നഷ്ടം താഴെ കൊടുക്കുന്നു .

| മാസം | വാഹനം ഓടിയ ദിവസങ്ങൾ | അനുവദിച്ച നിരക്ക് | ആകെ അനുവദിച്ചത് | അനുവദനീയമായത് | അധികം നൽകിയത് | ബിൽ നം./ തീയതി, ബിൽ തുക |
|---|---|---|---|---|---|---|
| 11/15 | 10 | 1,200 | 12,000 | 11,000 | 1,000 | 9/16.11.15 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 54000 |
| 12/15 | 10 | 1,200 | 12,000 | 11,000 | 1,000 | 2/18.3.16 53680 |
| 01/16 | 10 | 1,200 | 12000 | 11,000 | 1,000 | 2/18.3.16 53680 |
| 02/16 | 10 | 1,200 | 12,000 | 11,000 | 1,000 | 4/30.3.16 55070 |
| 03/16 | 10 | 1,200 | 12,000 | 11,000 | 1,000 | 3/30.3.16 55070 |
| ആകെ | | | 60000 | 55000 | 5,000 | |

അനുവദനീയമായ നിരക്കിൽ നിന്നും അധികരിച്ച് നൽകിയ 5,000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3. <u>വകയിരുത്തിയ തുക ചെലവഴിച്ചതിൽ കുറവ്</u>

പദ്ധതിക്കായി 6,00,000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 54% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവശ്യകത വിലയിരുത്തി മാത്രം ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1.പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി ചേരുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതോടൊപ്പം രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

3. വാഹന വാടക അനുവദനീയമായ നിരക്കിൽ നിന്നും അധികരിച്ച് നൽകിയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

4. വാടകയിനത്തിലുള്ള ചെലവ് കുറയ്ക്കുവാനായി സന്നദ്ധ സംഘടനകളുടെ സഹായം തേടുന്നതിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്.

5. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയായ ജി.ഓ (ആർ.ടി) 3217/2015 ത.സ്വ.ഭ.വ തീയതി 29.10.15 ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

6. ആവശ്യകത വിലയിരുത്തി മാത്രം തുക വകയിരുത്തേണ്ടതും പരമാവധി തുക ചെലവഴിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 14/12-1-2017 നുള്ള മറുപടിയിൽ ബോർഡ് തീരുമാനമനുസരിച്ചാണ് വാടകയിനത്തിൽ 1200 രൂപ അനുവദിച്ചിട്ടുള്ളതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. മാർഗ്ഗരേഖ അനുസരിച്ചുള്ള തുക അനുവദിക്കുവാൻ മാത്രമാണ് നിലവിൽ വ്യവസ്ഥയുള്ളത്.

# 3-11 ആട് വളർത്തൽ പദ്ധതി - സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചിട്ടില്ല

പ്രോജക്റ്റ് നം : 99/16 (എസ്.സി.പി.)

പേര് :ആട് വളർത്തൽ പദ്ധതി

അടങ്കൽ : 2,25,000/-

ബിൽ നം / തീയതി : 1/15-16/30/3/16 - ചെലവ് : 18,000/-

ബിൽ നം / തീയതി : 2/15-16/30/3/16 - ചെലവ് : 9,000/-

ആട് വളർത്തൽ പദ്ധതിയുടെ നിർവ്വഹണത്തിൽ 12- ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ (ജി.ഒ.(എം.എസ്)നം. 362/2013/ത.സ്വ.ഭ.വ തിയതി 16-11-2013) താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1. സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ഉരുക്കൾക്കുള്ള വിലയുടെ 75% (പരമാവധി 15000/- രൂപയിൽ കുറഞ്ഞത് 3 എണ്ണം വാങ്ങണം) എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് 4500/- രൂപ നിരക്കിൽ 2 ആട്ടുകൾ വീതം മാത്രമാണ് വാങ്ങി അനുവദിച്ചിരിക്കുന്നത്.
2. മറ്റ് വകുപ്പുകളിൽ നിന്നും ആനുകൂല്യങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രവും വാങ്ങി സൂക്ഷിച്ചിട്ടില്ല.
3. ഉരുക്കളെ കുറഞ്ഞത് 3 വർഷക്കാലം വളർത്താമെന്ന് ഗുണഭോക്താക്കളുമായി കരാർ ചമച്ചിട്ടില്ല.
4. പദ്ധതിക്കായി 2,25,000/- രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 12% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവശ്യകത വിലയിരുത്തി മാത്രം ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 6/10-1-2017 നുള്ള മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

# 3-12 സ്ഥലം വാങ്ങൽ - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങുന്നതിനായി രണ്ട് പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. പ്രോജക്റ്റ് നമ്പർ - 211/16-പട്ടിക ജാതി വിഭാഗക്കാർക്ക് വീടിനു വേണ്ടി സ്വയം സ്ഥലം വാങ്ങൽ
2. 212/16- പട്ടിക ജാതി വിഭാഗക്കാർക്ക് വീടിനു വേണ്ടി സ്വയം സ്ഥലം വാങ്ങൽ - വനിത

ചെലവ് - 300000 രൂപ (ബിൽ നമ്പർ - 3/15-16/26-10-2015)
ചെലവ് – 300000 രൂപ (ബിൽ നമ്പർ - 4/15-16/ 26-10-2015)
ആകെ – 600000 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ (അസി.സെക്രട്ടറി)

മേൽ പദ്ധതികൾ പ്രകാരം നാല് ഗുണഭോക്താക്കൾക്ക് വീടിന് സ്ഥലം വാങ്ങി നൽകുവാൻ വികസന ഫണ്ട് (എസ്.സി.പി) ൽ നിന്ന് 150000 രൂപ വീതം ആകെ 600000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

16-11-2013 ലെ സർക്കാർ ഉത്തരവ്(എം.എസ്) നമ്പർ 362/2013/ത.സ്വ.ഭ.വ പ്രകാരം ടി പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെങ്കിലും, സബ്സിഡി മാർഗ്ഗരേഖയിലെ താഴെ പറയുന്ന നിർദ്ദേശം പാലിച്ചിട്ടില്ല:

"സ്ഥലത്തിന് അപേക്ഷിക്കുന്ന ഭാര്യയും ഭർത്താവും വാങ്ങിക്കുന്ന സ്ഥലം ഭാര്യയുടെയും, ഭർത്താവിന്റെയും പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങണം".

ഗുണഭോക്താക്കളുടെ ആധാരത്തിന്റെ പകർപ്പുകൾ പരിശോധിച്ചതിൽ അപേക്ഷകന്റെ പേരിലാണ് സ്ഥലത്തിന്റെ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതെന്ന് കണ്ടെത്തി.

സ്ഥലത്തിന്റെ സബ്സിഡി തുക സ്ഥലം വിറ്റ ആളിന്റെ പേരിൽ അക്കൗണ്ട് പേയീ ചെക്കായി നൽകണം എന്ന മാർഗ്ഗരേഖയിലെ നിർദ്ദേശവും പാലിച്ചിട്ടില്ല. സബ്സിഡി തുക സ്ഥലം വിറ്റ ആൾക്ക് ഡിമാന്റ് ഡ്രാഫ്റ്റായി നൽകിയിരിക്കുന്നതായി അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഡി.ഡിയുടെ പകർപ്പുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിൽ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-13 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകിയപ്പോൾ നിയമാനുസൃത പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയറുമായി കരാറുകാരൻ ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ സാധിക്കാതിരുന്നാൽ കാലാവധിയുടെ അഞ്ചിലൊന്ന സമയം (20%) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% പിഴ ചുമത്തികൊണ്ട് മാത്രമേ കാലാവധി നീട്ടി നൽകാവൂ.

താഴെ പറയുന്ന പ്രവൃത്തികളുടെ എഗ്രിമെന്റ് പ്രകാരമുള്ള കാലാവധി കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

<table>
<tr><th>ക്രമ നം.</th><th>പ്രവൃത്തി ആരംഭിച്ച തിയതി</th><th>പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി</th><th>പൂർത്തീകരിച്ച തിയതി</th><th>ഈടാക്കുവാൻ വിട്ടുപോയ പിഴ</th></tr>
<tr><td rowspan="2">1</td><td colspan="4">216/15 (163/16) – കന്തിപ്പുഴ കുളർമുണ്ട റോഡ് മെറ്റലിംഗ് & ടാറിംഗ്<br>അടങ്കൽ - 305000<br>ചെലവ് – 305000<br>ബിൽ നം. 16/30-6-2015<br>കരാറുകാരൻ – ശ്രീ. ടി.സോമൻ<br>അളവു പുസ്തകം - 112/14-15</td></tr>
<tr><td>19-3-2015</td><td>31-3-2015</td><td>30-5-2015</td><td>ഗ്രേസ് പിരീഡ്- 3-4-2015 വരെ<br>പിഴ (1%) = 305000 x (1/100) x( 57/90) = 1931</td></tr>
<tr><td>2</td><td colspan="4">156/15 (148/16) – പഞ്ചായത്ത് ഓഫീസ് നവീകരണം<br>അടങ്കൽ – 1096345<br>ചെലവ് - 1043377<br>ബിൽ നം. 14/13-7-2015<br>കരാറുകാരൻ – ശ്രീ. കെ.രാജൻ</td></tr>
</table>

| | | | | |
|---|---|---|---|---|
| | അളവ് പുസ്തകം -93/14-15 (1), (2) | | | |
| | 3-3-2015 | 31-3-2015 | 18-6-2015 | ഗ്രേസ് പിരീഡ് - 6-4-2015 വരെ പിഴ (1%) = 1096345 x (1/100) x( 73/90) = 8893 രൂപ |
| 3 | 121/16 – നായാടിക്കുന്ന് പാടം റോഡ് ടാറിംഗ്<br>അടങ്കൽ – 300000<br>കരാറുകാരൻ – ശ്രീ. കെ.സോമൻ<br>അളവ് പുസ്തകം -94/14-15 | | | |
| | 3-3-2015 | 31-3-2015 | 15-6-2015 | ഗ്രേസ് പിരീഡ് - 5-4-2015 വരെ പിഴ (1%) = 300000 x (1/100) x(70/90) = 2333 രൂപ |
| ആകെ | | | | 13157 |

കരാറുകാരിൽ നിന്നും ഈടാക്കുവാൻ വിട്ടുപോയ പിഴ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 8/11-1-2017നുള്ള മറുപടിയിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 ഗുണഭോക്തൃ സമിതികകൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

ഓഡിറ്റ് വർഷത്തിൽ 117 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഗുണഭോക്തൃ സമിതികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 1997ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണകളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 13, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ സർക്കുലർ നമ്പർ ഡി.ബി.1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയതി 13-11-2014 എന്നിവയിൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. ചട്ടങ്ങളിലേയും മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയതായി രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലുകളിൽ കണ്ടെത്തിയ അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

എ. പൊതുമരാമത്ത് പണിക്കുപയോഗിച്ച സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതുമാണ്. പ്രവൃത്തികളുടെ ഫയലുകൾ കൺവീനർമാർ അസി.എഞ്ചിനിയർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആവശ്യമായ എല്ലാ രേഖകളും ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

ബി. ഗുണഭോക്തൃ സമിതിക്ക് 15 ൽ കവിയാതെയും 7 ൽ കുറയാതെയും അംഗങ്ങൾ ഉള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഇതിൽ മൂന്നിലൊന്ന് വനിതകളായിരിക്കേണ്ടതാണ്. പല പ്രവൃത്തികളുടേയും ഫയലുകളിൽ ഗുണഭോക്തൃസമിതിയുടെ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ലെന്ന് കണ്ടെത്തി.

സി. കൺവീനറുടേയും ചെയർമാന്റേയും പേരിൽ ഒരു അംഗീകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ കൂടി മാത്രമേ പണമിടപാടുകൾ നടത്തുവാൻ പാടുള്ളൂ. മുൻകൂർ, ബിൽ തുക എന്നിവ ഈ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. അക്കൗണ്ടുകളുടെ പാസ്ബുക്കോ, സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പല പ്രവൃത്തികളുടേയും തുകകൾ അക്കൗണ്ട് മുഖേനയല്ലാതെയും അനുവദിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

ഡി. ഫൈനൽ ബിൽ തയ്യാറാക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് വാങ്ങേണ്ടതാണ്. അളവുകൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തി ഒപ്പിട്ടുവിക്കേണ്ടതാണ്. ഈ നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

ഇ. ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കുന്നത് ആശാസ്യമല്ല എന്ന് ചീഫ് എഞ്ചിനിയർ സർക്കുലറിൽ അഭിപ്രായപ്പെട്ടിരുന്നെങ്കിലും കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചിട്ടുണ്ട്.

<u>ഉദാ.</u>

1. 138/16 - അസി. എഞ്ചിനിയറുടെ ഓഫീസ് നവീകരണം

2. 170/16 – ഫ്രണ്ട് ഓഫീസ് വിസിറ്റേഴ്സ് ഗാലറി നിർമ്മാണം

3. GMLPS നവീകരണം.

എഫ്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ സർക്കുലർ നമ്പർ ഡി.ബി.1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയതി 13-11-2014 പ്രകാരം വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്രസാമഗ്രികളുടെ വാടക, തുടങ്ങിയവയുടെ കണക്കുകൾ, മസ്റ്റർ റോൾ, മിനിറ്റ്സ് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പല പ്രവൃത്തികളുടേയും ഫയലുകളിൽ മസ്റ്റർറോളുകളും ബില്ലുകളും സൂക്ഷിച്ചിട്ടില്ല. രേഖകളിൽ ഒന്നിലും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

ജി. കൺവീനർമാർക്ക് 25% മൊബിലൈസേഷൻ അഡ്വാൻസ് നൽകാവുന്നതാണെങ്കിലും ആയത് ആർക്കുംതന്നെ അനുവദിച്ചിട്ടില്ല.

സാങ്കേതിക മികവ് ആവശ്യമുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്നത് ഉചിതമല്ലെന്ന് ചീഫ് എഞ്ചിനിയർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിന് കരാർ നല്കേണ്ടതാണ്.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കാത്തതുമൂലം ഗുണഭോക്തൃസമിതി കൺവീനർ എന്ന വ്യാജേന ബിനാമികൾ പ്രവൃത്തികൾ ചെയ്യുന്നത് ഒഴിവാക്കുവാനായി പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ സർക്കുലർ നമ്പർ ഡി.ബി.1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയതി 13-11-2014 ലെ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

ഗുണഭോക്തൃസമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലും രേഖകകളുടെ സൂക്ഷിപ്പിലും ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും നിർബന്ധമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

# 3-15 മെയ്ന്റനൻസ് ഫണ്ട് വിനിയോഗത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപണികൾക്കായി അനുവദിക്കുന്ന മെയ്ന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം റോഡുകളുടെ മെറ്റലിംഗിനായി വ്യാപകമായി ഉപയോഗപ്പെടുത്തുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. സർക്കുലർ നം. 68/228/എഫ്.എം.1/12 തിയതി 28-11-2012 പ്രകാരം കൈമാറിക്കിട്ടിയ എല്ലാ റോഡുകളുടേയും അറ്റകുറ്റപണികൾ നടത്തിയ ശേഷവും മെയ്ന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മാത്രമേ മെറ്റലിംഗ്, കോൺക്രീറ്റിംഗ്, ടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ റോഡുകൾക്കൊന്നും അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുത്തശേഷം ആയിരിക്കണം ഇപ്രകാരം മെയ്ന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നത്.

2015-16 വർഷത്തിൽ 16 റോഡുകളുടെ കോൺക്രീറ്റിംഗിനായി മെയ്ന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ നിന്നും 4822442 രൂപ ചെലവഴിച്ചിട്ടുണ്ട്.

നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപണികൾ പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രം മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ നിർമ്മിതികൾ ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 8/11-1-2017 നുള്ള മറുപടിയിൽ അസി. എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട്.

# 3-16 ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കിയില്ല

കുടിവെള്ള പദ്ധതിയുടെ നിർവ്വഹണത്തിനായി 2015-16 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ ഷൊർണൂർ ഡിവിഷനിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനിയർ

| പ്രവൃത്തി | ഡെപ്പോസിറ്റ് തുക | ബിൽ നം. / തിയതി |
|---|---|---|
| 309/16-നായാടിക്കുന്ന് എസ്.സി കുടിവെള്ള പദ്ധതി | 1000000 | 66/31-3-2016 |

വാട്ടർ അതോറിറ്റിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുമുമ്പായി പൂർത്തീകരണ കാലാവധി ഉൾപ്പെടുത്തിക്കൊണ്ടുള്ള എഗ്രിമെന്റ് വെച്ചിട്ടില്ല. ഭാവിയിൽ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 8/11-1-2017 നുള്ള മറുപടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പൂർത്തീകരണ രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-17 എസ്.ടി കോളനി കുടിവെള്ള പദ്ധതി -പ്രവൃത്തി പൂർത്തീകരിച്ച് പാർട്ട് ബിൽ ക്രമീകരിക്കേണ്ടതാണ്

പ്രൊ.നം. 107/15 (137/16)

അടങ്കൽ - 539000 (ടി.എസ്.പി)

കൺവീനർ - ശ്രീമതി. ഇന്ദിര

എഗ്രിമെന്റ് - 113/14-15/19-3-2015

നാളിതുവരെയുള്ള ചെലവ് - 301394

ബിൽ നം. 45/13-10-2015

തുറന്ന കിണർ നിർമ്മിച്ച് 2 HP മോട്ടോർ സ്ഥാപിച്ച് 5000 ലിറ്ററിന്റെ പി.വി.സി ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം 2015-16 വർഷത്തിൽ ഭാഗികമായി മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിലെ അപ്പന്റിക്സ് ഡി പ്രകാരം അരിക് സംരക്ഷണം എന്ന പ്രവൃത്തി വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല. തുക അനുവദിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

മൂല്യം - 301394

(-) നികുതി - 14217

(-) റീടെൻഷൻ - 28433

ബാക്കി - 258744

പദ്ധതിയുടെ പൂർത്തീകരണത്തിനായി 2016-17 വർഷത്തിൽ സ്പിൽ ഓവറായി പ്രൊജക്റ്റ് ആവിഷ്കരിച്ച് (പ്രൊ.നം. 56/17) അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിച്ച് പാർട്ട് ബിൽ തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-18 പഞ്ചായത്ത് ഓഫീസ് ബാത്ത് റൂമുകളുടെ നവീകരണം - വ്യക്തമായ വിലയിരുത്തൽ നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തിയുടെ നിർവ്വഹണം നടത്തി

പ്രൊ.നം. 277/16 – പഞ്ചായത്ത് ഓഫീസ് ബാത്ത് റൂമുകളുടെ നവീകരണം

അടങ്കൽ - 495000 (തനത് ഫണ്ട്)

കൺവീനർ - ശ്രീ.സക്കീർ

എഗ്രിമെന്റ് നം. 4/12-6-2015

ചെലവ് - 163853

ചെക്ക് നം. 2103038/31-10-2015

പഞ്ചായത്ത് ഓഫീസിലെ ബാത്ത് റൂമുകളുടെ നവീകരിക്കുന്നതിനായി ലക്ഷ്യമിട്ട് തനത്ഫണ്ടിൽ നിന്നും 495000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും 163853 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചതായി കണക്കാക്കി അവസാന ബിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റിൽ ആവശ്യമായ മാറ്റം വരുത്തി പുതുക്കിയ അംഗീകാരം ലഭ്യമാക്കാതെയാണ് പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇത്തരത്തിലുള്ള നടപടികൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-19 ഷോപ്പിംഗ് കോംപ്ലക്സ് സമുച്ചയ നിർമ്മാണം പാതിവഴിയിൽ - പാർട്ട് ബിൽ തുക നാളിതുവരെ ക്രമീകരിച്ചില്ല

പ്രൊ.നം. - 220/15 (165/16) -പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ് സമുച്ചയ നിർമ്മാണം

അടങ്കൽ തുക (2015-16) – 20 ലക്ഷം (തനത് ഫണ്ട്)

കരാറുകാരൻ - ശ്രീ.കെ.രാജൻ

എഗ്രിമെന്റ് നം. - 91/14-15/AE/LSGD/3-3-2015

നാളിതുവരെയുള്ള ചെലവ് (ഒന്നാം പാർട്ട് ബിൽ) - 754322

(പ്രവൃത്തി മൂല്യം - 838136 - റീടെൻഷൻ - 134101 = 754322 )

(ചെക്ക് നം. - 21560125/5-2-2016, ബിൽ നം. 779/5-2-2016).

അളവു പുസ്തകം നം. 165(1), (2)/15-16

മണ്ണാർക്കാട് ബസ് സ്റ്റാന്റിന്റെ വടക്ക് വശത്തുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ബൃഹത്തായ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 2015-16 വർഷത്തിൽ 20 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തി. 6 മുറികളുള്ള കെട്ടിടത്തിന്റെ സ്ട്രക്ച്ചർ മാത്രം പൂർത്തീകരിക്കുവാനാണ് ആദ്യഘട്ടത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളത്. തുടർ വർഷങ്ങളിൽ കൂടുതൽ തുക വകയിരുത്തി പൂർത്തീകരണം ഉറപ്പാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും തുടർ പ്രവർത്തനങ്ങളുടെ അഭാവത്തിൽ പദ്ധതി പൂർത്തീകരിക്കാതെ അവശേഷിക്കുന്നതായി പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഫയൽ, അളവു പുസ്തകങ്ങൾ എന്നിവ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്ലിന്ത് ഏരിയ (155.5 ച.മീ) മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ആയതനുസരിച്ച് ഒന്നാം പാർട്ട് ബിൽ തുക അനുവദിച്ചിട്ടുണ്ട്. പാർട്ട് ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

13-1-2017 ന് അസി.എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പൂർത്തീകരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. 2016-17 വർഷത്തിൽ ബാക്കി തുക അനുവദിക്കുന്നതിനായി സ്പിൽ ഓവറായി ഒരു പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും (പ്രൊ.നം.62/17)

ഫൈനൽ ബിൽ തുക നാളിതുവരെ അനുവദിച്ചിട്ടില്ല. അവസാന പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയ അളവുപുസ്തകം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫൈനൽ ബിൽ തയ്യാറാക്കി വരുന്നതായി ഓഡിറ്റ് അന്വേഷണം നം. 10/11-1-2017 നുള്ള മറുപടിയിൽ അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. ഫൈനൽ ബിൽ തയ്യാറാക്കി പാർട്ട് ബിൽ ക്രമീകരിക്കേണ്ടതാണ്.

പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി തുടർപദ്ധതികളൊന്നും ആവിഷ്കരിക്കാത്തതിനാൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ മാത്രം പൂർത്തീകരിച്ച നിലയിൽ അവശേഷിക്കുകയാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്താതെയാണ് കെട്ടിടനിർമ്മാണത്തിനായി തനത് ഫണ്ട് വകയിരുത്തിയത്. നിലവിൽ സാമ്പത്തിക സ്ഥിതി വളരെ മോശമായ അവസ്ഥയിലുമാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി മറ്റ് സ്രോതസ്സുകൾ കണ്ടെത്തി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ഒന്നാം ഘട്ട പദ്ധതിയുടെ ഫൈനൽ ബിൽ അടിയന്തിരമായി തയ്യാറാക്കി പാർട്ട് ബിൽ ക്രമീകരിക്കേണ്ടതാണ്. പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കുന്നതിലേക്കായി ഓഡിറ്റ് കാലയളവിൽ ചെലവഴിച്ച 754322 രൂപ ഓഡിറ്റിൽ തടസ്സവാദത്തിൽ വെക്കുന്നു. ഒന്നാം ഘട്ട പദ്ധതിയുടെ പൂർത്തീകരണ വിവരവും തുടർ പദ്ധതികളുടെ വിശദാംശങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



ചിത്രം – അപൂർണ്ണാവസ്ഥയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 10 ലക്ഷം രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 309/16-നായാടിക്കുന്ന് എസ്.സി കുടിവെള്ള പദ്ധതി | 66/ 31-3-2016 | 10,00,000 | പൂർത്തീകരണ രേഖകൾ ലഭ്യമായില്ല | | |
| ആകെ | | | 10,00,000 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ/നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-5 | 2007-08 | 5-1 | ഗുണഭോക്തൃ ലിസ്റ്റ് | നിയമസഭാ സമിതി നാളിതുവരെ വിഷയം പരിഗണിച്ചിട്ടില്ല. |
| 2007-08 | 3-3 | 2006-07 | 5.4.10.1 | ട്രാക്ടർ ലേലം | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 38190334 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46208858 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43357 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1052972 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | - | 25200 | ശ്രീ.സി.മണി, സെക്രട്ടറി |
| 3-10 | - | 5000 | ഡോ.പ്രീത.വി.ആർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-13 | - | 13157 (Fine) | ശ്രീ. ഗ്രേഷ്യസ് രാജ്, അസി. എഞ്ചിനിയർ |
| ആകെ | | 43357 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 298650 | ശ്രീ.സി.മണി, സെക്രട്ടറി |
| 3-19 | 754322 | ശ്രീ. ഗ്രേഷ്യസ് രാജ്, അസി. എഞ്ചിനിയർ |
| ആകെ | 1052972 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഒന്നുമില്ല.

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഒന്നുമില്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.മണി, സെക്രട്ടറി | സെക്രട്ടറി, മണ്ണാർക്കാട് നഗരസഭ | മാങ്ങോട്ടിൽ വീട്, വിളയന്നൂർ(പി.ഒ), തേങ്കുറിശ്ശി, പാലക്കാട്-678671 |
| ഡോ.പ്രീത.വി.ആർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) മണ്ണാർക്കാട് നഗരസഭ | കടമ്പടിപ്പുര വീട്, മുട്ടികുളങ്ങര(പി.ഒ), പാലക്കാട്-678594 |
| ശ്രീ. ഗ്രേഷ്യസ് രാജ്, അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ, കരിമ്പ ഗ്രാമപഞ്ചായത്ത് | ചൈത്രം, അന്തിയൂർകോണം, കൊള്ളോട്(പി.ഒ), തിരുവനന്തപുരം-695571 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | - | ഒന്നുമില്ല |
| 1997-98 | എൽ.എഫ്. പി.9/1055/02/17-1-2003 | ഒന്നുമില്ല |
| 1998-1999 | എൽ.എഫ്. പി.9/1216/03/04-12-2003 | 7 |
| 1999-2000 | എൽ.എഫ്. പി.9/244/04/24-4-2007 | 38 |
| 2000-2001 | എൽ.എഫ്. പി.9/1606/13/17-12-2014 | 27 |
| 2001-2002 | എൽ.എഫ്. പി.9/1408/13/1-1-2015 | 19 |
| 2002-2003 | എൽ.എഫ്. പി.9/1250/06/10-9-2007 | 9 |
| 2003-2004 | എൽ.എഫ്. പി.9/1185/13/6-5-2014 | 13 |
| 2004-2005 | എൽ.എഫ്. പി.9/1184/13/5-8-2014 | 10 |
| 2005-2006 | എൽ.എഫ്. പി.9/1183/13/6-8-2014 | 9 |
| 2006-2007 | എൽ.എഫ്. പി.9/276/11/28-2-2011 | 15 |
| 2007-2008 | എൽ.എഫ്. പി.9/1181/13/28-11-2014 | 17 |
| 2008-2009, | എൽ.എഫ്. പി.9/1055/02/17-1- | 40 |

| | | |
|---|---|---|
| 2009-2010<br>2010-2011 | 2003 | |
| 2011-2012 | എൽ.എഫ്. പി.9/1102/14/7-5-2015 | 18 |
| 2012-13 | കെ.എസ്.എ-പി.കെ.ഡി9/743/15/10-08-2015 | 12 |
| 2013-14 &<br>2014-15 | കെ.എസ്.എ-പി.കെ.ഡി9/1406/15/10-02-2016 | 41 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി-22-107/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തിയതി 07-2-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണ്ണാർക്കാട് നഗരസഭയുടെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**അപാകതകളുടെ സംക്ഷിപ്തം**

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

2. വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

No. KSA-PKD-22-107/2017

Kerala State Audit Department

District Audit Office,Palakkad

Date 07-2-2017

## Audit Certificate

Certified that I have audited the Annual Financial Statement of Mannarkkad Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295 of the Kerala Municipality Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mannarkkad Municipality for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

**Senior Deputy Director**

## Abstract of Defects

1. Asset value not updated and linked with Sankhya.

2. Demand and Arrear Demand Registers of Property Tax not perpared and certified by the Sercretary.

**Senior Deputy Director**